# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 9, വ്യാഴം

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--210]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : 2453 മുതൽ 2547 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : 2548 മുതൽ 2596 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : 2597 മുതൽ 2621 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : 2622 മുതൽ 2662 വരെ |

### സ്മാർട്ട് ക്ലാസ്സ്‌റൂമുകളാക്കി മാറ്റുന്നതിന് പദ്ധതി

2453. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ്സ്‌റൂമുകളാക്കി മാറ്റുന്നതിനായി 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നതു വിനിയോഗിച്ച് ഏതൊക്കെ കോളേജുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ആരോഗ്യ കായിക പഠനം

2454. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കായിക പഠനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പുതുതായി ടൈംടേബിൾ പരിഷ്ക്കരണത്തിൽ കായിക പഠനത്തിന് ആവശ്യമായ പീരിയഡ് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കലാകായിക പഠനത്തിന് കൂടുതൽ പീരിയഡ് ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

### എയ്ഡഡ് കോളേജ് മിനിസ്റ്റീരിയൽ സ്റ്റാഫ്

2455. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകളിൽ വേണ്ടത്ര മിനിസ്റ്റീരിയൽ ജീവനക്കാരില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) ആവശ്യത്തിന് മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കുന്നതിന് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>കൊച്ചി സർവ്വകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസർ ഇന്റർവ്യൂവിലെ ക്രമക്കേട്</u>

2456. ശ്രീ.ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സർവ്വകലാശാലയിൽ ബയോ ടെക്നോളജി വകുപ്പിലേക്ക് നടന്ന അസിസ്റ്റന്റ് പ്രൊഫസർ ഇന്റർവ്യൂവിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സിന്റിക്കേറ്റ് അംഗീകരിച്ച സെലക്ട് ലിസ്റ്റിന്റെയും വിശദമായ മാർക്ക് ലിസ്റ്റിന്റെയും പകർപ്പ് നല്കാമോ?

<u>ലൈബ്രറി കൗൺസിലുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ</u>

T 2457. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈബ്രറി കൗൺസിലുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾക്ക് ഏതെല്ലാം സർക്കാർ ഏജൻസികളിൽ നിന്നും എന്തെല്ലാം തരത്തിലുള്ള സഹായങ്ങൾ/സഹായധനങ്ങൾ നൽകുന്നുണ്ട് ;

(ബി) ഇത്തരം ഗ്രന്ഥശാലകൾക്ക് പ്രസ്തുത സഹായങ്ങൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) മതിയായ സഹായം ലഭ്യമല്ലാത്തതുകാരണം പല ഗ്രാമീണ ഗ്രന്ഥശാലകളും പ്രവർത്തന രഹിതമായിത്തീരുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഗ്രാമീണ ഗ്രന്ഥശാലകളിലെ ലൈബ്രേറിയൻമാർക്ക് നൽകുന്ന ലൈബ്രേറിയൻ അലവൻസ് തുച്ഛമാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് വർദ്ധിപ്പിച്ച് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ആർട്സ് & സയൻസ്, ട്രെയിനിംഗ് കോളേജുകൾ</u>

2458. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ ആർട്സ് & സയൻസ്, ട്രെയിനിംഗ് കോളേജുകൾ ഉണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പുതിയ സർക്കാർ കോളേജുകൾ അനുവദിച്ചു എന്ന് ജില്ല തിരിച്ച് പറയാമോ ; പുതുതായി അനുവദിച്ച കോളേജിലെ കോഴ്സുകളും വിഷയങ്ങളും ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ കോളേജിനും അനുവദിച്ച അധ്യാപക-അനധ്യാപക തസ്തികകൾ ഏതൊക്കെയെന്നും എത്രയെണ്ണം എന്നും പറയാമോ ;

(ഡി) സർക്കാർ ആർട്സ് & സയൻസ്, ട്രെയിനിംഗ് കോളേജുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ശമ്പള ബിൽ ഒപ്പിടുന്നതിന് അധികാരമുള്ള ഗസറ്റഡ് തസ്തിക ഏതൊക്കെ കോളേജുകളിലെ മിനിസ്റ്റീരിയൽ വിഭാഗത്തിനായി അനുവദിച്ചിട്ടുണ്ട് ; പ്രസ്തുത തസ്തിക ഇല്ലാത്ത സർക്കാർ കോളേജുകൾ ഏതൊക്കെ ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ; ഗസറ്റഡ് തസ്തിക അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം അനുവദിച്ച കോളേജുകളിൽ പോലും മിനിസ്റ്റീരിയൽ വിഭാഗത്തിന് ഗസറ്റഡ് തസ്തിക അനുവദിച്ചപ്പോൾ കോട്ടയം ഗവൺമെന്റ് കോളേജ് പോലെയുള്ള പഴയ കോളേജുകളിൽ പ്രസ്തുത തസ്തിക അനുവദിക്കാത്തത് എന്തുകൊണ്ടാണ് ; ഇവിടെ പ്രസ്തുത തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഇപ്പോൾ പ്രസ്തുത ഗസറ്റഡ് തസ്തിക ഇല്ലാത്ത എല്ലാ സർക്കാർ ആർട്സ് സയൻസ് കോളേജുകളിലും പ്രസ്തുത തസ്തിക അനുവദിക്കുമോ ?

## സ്വയംഭരണ കോളേജുകൾ

2459. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര സ്വയംഭരണ കോളേജുകൾ അനുവദിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സ്വയംഭരണ കോളേജുകൾ അനുവദിക്കുകവഴി ലക്ഷ്യമിടുന്നത് എന്താണ്; ഇതുകൊണ്ട് സർക്കാരിനും സമൂഹത്തിനും എന്തൊക്കെ പ്രയോജനങ്ങളാണ് ലഭിക്കുക;

(സി) സ്വയംഭരണ കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനത്തിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് ഉള്ളതെന്നറിയിക്കുമോ?

## സ്വയംഭരണ കോളേജുകളും കൽപിത സർവ്വകലാശാലകളും ആരംഭിക്കൽ

2460. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണ കോളേജുകളും കൽപിത സർവ്വകലാശാലകളും ആരംഭിക്കുന്നതിനായി 2014-15 ലെ ബഡ്ജറ്റിൽ വകയിരുത്തിയ 10 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## വൈപ്പിൻ നിയോജകമണ്ഡലത്തിൽ പുതിയ ആർട്സ് കോളേജ്

2461. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ പുതുതായി ആർട്സ് കോളേജ് ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം, കെട്ടിടം എന്നിവ പരിശോധിച്ചുകൊണ്ടുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽഎന്ന് ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) കോളേജ് ആരംഭിക്കുന്നതിന് പ്രസ്തുത റിപ്പോർട്ടിൽ എന്തെങ്കിലും തടസ്സം ഉന്നയിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ ;

(ഡി) കോളേജ് ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ ;

(ഇ) കോളേജിന്റെ പ്രവർത്തനം ഈ അദ്ധ്യയന വർഷത്തിൽത്തന്നെ ആരഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതോടൊപ്പം പ്രഖ്യാപിച്ച ഏതെല്ലാം സ്ഥലങ്ങളിൽ പുതുതായി കോളേജുകളുടെ പ്രവർത്തനം തുടങ്ങിയെന്ന് വ്യക്തമാക്കാമോ ?

## നാട്ടികയിലെ ബി.എഡ് സെൻറർ

2462. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ നാട്ടികയിൽ പ്രവർത്തിച്ചുവരുന്ന ബി. എഡ്. സെൻറർ അടച്ചുപൂട്ടാൻ നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ബി.എഡ്. സെൻററിനുവേണ്ടി 74 സെൻറ് സ്ഥലം ഗുരുവായൂർ നഗരസഭയിലെ ചാവക്കാട് ഗവൺമൻറ് ഹയർ സെക്കണ്ടറി സ്കൂൾ കോംമ്പൗണ്ടിൽ അനുവദിക്കാമെന്ന നഗരസഭാ അധികൃതരുടെ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബി. എഡ്. സെൻറർ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## എൻജിനീയറിംഗ് / മെഡിക്കൽ കോളേജുകളിലെ സീറ്റുകൾ

2463. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ, സർക്കാർ കോളേജുകളിലായി എൻജിനീയറിംഗ് / മെഡിക്കൽ ബിരുദ വിദ്യാഭ്യാസത്തിനായി എത്ര സീറ്റുകളാണ് (B.Tech - MBBS) നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) എൻജിനീയറിംഗ്, എം.ബി.ബി.എസ് സീറ്റുകളുടെ കണക്കുകൾ വേർതിരിച്ച് ലഭ്യമാക്കാമോ;

(സി) 2014-15 വർഷത്തിൽ ബി.ടെക് .ന്റെ എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന കണക്ക് ലഭ്യമാക്കാമോ?

## സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികയിൽ പാർട്ട് ടൈം ഇൻസ്ട്രക്ടർമാരുടെ നിയമനം

2464. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികയിൽ പാർട്ട് ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും ഏതെങ്കിലും ഫണ്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് തുകയാണ് ലഭിച്ചതെന്നും അതിന്റെ വിനിയോഗത്തെക്കുറിച്ചും വിശദമാക്കാമോ?

<u>ഉന്നതവിദ്യാഭ്യാസ മാർഗ്ഗരേഖയ്ക്ക് സെൽ</u>

2465. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് സർക്കാർ തലത്തിൽ സ്ഥിരം സംവിധാനം നിലവിലുണ്ടോ ;

(ബി) പ്രവാസി വിദ്യാർത്ഥികൾക്കായി ഇത്തരം ഒരു സംവിധാനം പ്രഖ്യാപിച്ചിരുന്നോ ;

(സി) എങ്കിൽ ഇക്കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ ?

<u>സർട്ടിഫിക്കറ്റ് വിതരണത്തിലെ കാലതാമസം</u>

2466. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർവ്വകലാശാലകളിൽ നിന്ന് പഠനം പൂർത്തിയാക്കി വിജയം കൈവരിച്ചവർക്കുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലിക്കറ്റ് സർവ്വകലാശാല ഉൾപ്പടെയുള്ള സർവ്വകലാശാലകളിൽ സർട്ടിഫിക്കറ്റുകൾ യഥാസമയം വിതരണം ചെയ്യാത്തതുമൂലം വിദ്യാർത്ഥികൾക്കുണ്ടാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

<u>ആർ.എം.എസ്. എ പദ്ധതിയിൽ അപ്ഗ്രേഡ് ചെയ്ത വിദ്യാലയങ്ങൾ</u>

2467. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്. എ പദ്ധതിയിൽ അപ്ഗ്രേഡ് ചെയ്ത വിദ്യാലയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ ;

(ബി) മലപ്പുറം ജില്ലയിലെ ഏതെല്ലാം വിദ്യാലയങ്ങളാണ് ആർ.എം.എസ്. എ പദ്ധതിയാൽ അപ്ഗ്രേഡ് ചെയ്യുന്നതിനായി കേന്ദ്രത്തിന് നൽകിയിട്ടുള്ളതെന്നും ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് അനുമതി ലഭ്യമായതെന്നും വെളിപ്പെടുത്താമോ;

(സി) സംസ്ഥാന സർക്കാർ അപ്ഗ്രേഡ് ചെയ്ത് ക്ലാസ്സുകൾ ആരംഭിച്ചിട്ടുള്ളതും കേന്ദ്ര അംഗീകാരം

ഇതുവരെ ലഭ്യമായിട്ടില്ലാത്തതുമായ വിദ്യാലയങ്ങളിൽ അദ്ധ്യാപകർ ഇല്ലാത്ത പ്രയാസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം വിദ്യാലയങ്ങളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## പ്ലസ് വൺ പ്രവേശനം.

2468. ശ്രീ.പി.ശ്രീരാമകൃഷ്ണൻ

,, എം.ചന്ദ്രൻ

,, കെ.സുരേഷ് കുറുപ്പ്

,, രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന കുട്ടികളുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവ് വരുന്നുണ്ടോ;

(ബി) ഈ വർഷം സർക്കാർ എയ്ഡഡ് മേഖലയിൽ നിന്നും എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയിച്ചവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(സി) 2014-15, 2013-14 വർഷങ്ങളിൽ സർക്കാർ ,എയ്ഡഡ് മേഖലയിൽ പ്ലസ് വൺ സീറ്റുകൾ പ്രവേശനം നേടാതെ ഒഴിഞ്ഞുകിടന്നിരുന്നോ; എങ്കിൽ എത്ര;

(ഡി) എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് നേരിട്ടുകൊണ്ടിരിക്കുകയും പ്ലസ് വൺ സീറ്റുകൾ പ്രവേശനം നേടാതെ ഒഴിഞ്ഞു കിടക്കുമ്പോഴും എയ്ഡഡ് മേഖലയിൽ വീണ്ടും വീണ്ടും പ്ലസ് വൺ ബാച്ചുകളും സ്കൂളുകളും അനുവദിക്കുന്നതിന്റെ അനൗചിത്യം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ?

## ഹയർ സെക്കന്ററി സ്കൂളുകളിലെ അധിക ബാച്ച്

2469. ശ്രീ.എം.എ.ബേബി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി പ്രവേശനത്തിന് 14 സ്കൂളുകളിൽ അധികമായി അനുവദിച്ച ബാച്ച് കൂടി പരിഗണിക്കാൻ കേരള ഹൈക്കോടതിയിൽ നിന്നും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ; ഇത് സർക്കാരിന്റെ സമ്മതത്തോടു കൂടിയാണോ ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്തായിരുന്നു ;

(ബി) പ്രസ്തുത സ്കൂളുകൾക്ക് ഹയർ സെക്കന്ററി അധിക ബാച്ചിന് അർഹതയുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടായിരുന്നുവോ ; ഇക്കാര്യത്തിലുള്ള കോടതി നിർദ്ദേശം എന്തായിരുന്നു ; ആയത് ഉറപ്പ് വരുത്താൻ തയ്യാറാകാതെ പരിശോധനയ്ക്ക് രണ്ട് മാസം കൂടി നീട്ടികിട്ടാൻ അപേക്ഷ കൊടുക്കാൻ ഏത് തലത്തിലായിരുന്നു തീരുമാനം എടുത്തിരുന്നത് ;

(സി) രണ്ട് മാസത്തെ സമയത്തിനകം ഒരു സ്കൂളിനെ പോലും കേൾക്കാൻ തയ്യാറാകാതിരുന്നത് ആരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായിരുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) മാനേജ്മെന്റുകളും സർക്കാർ അധികൃതരും ഒത്തുകളിച്ച് കോടതിയിൽ മാനേജ്മെന്റുകൾക്ക് തോറ്റുകൊടുക്കുകയായിരുന്നു എന്ന ആക്ഷേപം പരിശോധിക്കുമോ ; ആക്ഷേപിക്കപ്പെട്ട നിലയിലുള്ള ഒത്തുകളികൾ ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഹയർ സെക്കന്ററി സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം</u>

2470. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി സ്കൂളുകളിൽ ജോലി ചെയ്യുന്ന ഗസ്റ്റ് അദ്ധ്യാപകർക്ക് തുച്ഛമായ വേതനമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അദ്ധ്യയനദിവസങ്ങൾ ആറിൽ നിന്നും അഞ്ചാക്കിയപ്പോൾ ആഴ്ചയിൽ എടുക്കേണ്ട പീരിയഡുകളുടെ എണ്ണം കുറച്ചിട്ടുണ്ടോ;എങ്കിൽ അതിനനുസരിച്ച് വേതന വർദ്ധന നൽകിയിട്ടുണ്ടോ

(സി) ;പി. ജി., ബി.എഡ്., സെറ്റ് എന്നീ യോഗ്യതകളെല്ലാമുള്ള ഗസ്റ്റ് അദ്ധ്യാപകർക്ക് ലഭിക്കുന്ന ദിവസവേതനം കുറവാണെന്ന അഭിപ്രായമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയത് കാലോചിതമായി വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം</u>

2471. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാളിതുവരെ എത്ര സർക്കാർ സ്കൂളുകൾ അടച്ചുപൂട്ടിയെന്നു ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ ;

(ബി) 2014 - 2015 അദ്ധ്യയന വർഷം സർക്കാർ സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികൾ എത്ര വീതമാണെന്നുള്ള ജില്ല തിരിച്ചു വിശദമാക്കുമോ ;

(സി) 2015-2016 അദ്ധ്യയന വർഷം നാളിതുവരെ സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടിയ ഒന്നാം ക്ലാസ് വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ?

<u>ചിങ്ങേലി സർക്കാർ ഹയർ സെക്കന്ററി സ്കൂളിന് പ്ലസ് വൺ അധിക ബാച്ച്</u>

2472. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിലെ ചിങ്ങേലി (കടയ്ക്കൽ) സർക്കാർ ഹയർ സെക്കന്ററി സ്കൂളിന് പ്ലസ് വൺ അധിക ബാച്ച് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## എ.എസ്.എ.പി. പരിശീലന കേന്ദ്രങ്ങൾ

2473. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന എ.എസ്.എ.പി. (Additional Skill Aquisition Programme)പദ്ധതിക്കായി ഇതുവരെ എത്ര ധനസഹായം ലഭിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന നൈപുണ്യ വികസന പരിപാടികൾ എന്തെല്ലാമാണ് ;

(സി) സംസ്ഥാനത്ത് എത്ര എ.എസ്.എ.പി. പരിശീലന കേന്ദ്രങ്ങളാണുള്ളത് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ഡി) കണ്ണൂർ ജില്ലയിലെ എ.എസ്.എ.പി. പരിശീലന കേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

## സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. വിദ്യാഭ്യാസ സ്ഥാപനങ്ങൾ

2474. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് എത്ര സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്, ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇവിടെ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്; എത്ര അധ്യാപകരുണ്ട്;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന അധ്യാപകർക്ക് എത്ര രൂപയാണ് ശമ്പളമായി നൽകുന്നത്; ഇവരുടെ വേതനം സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ; കോപ്പി ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നല്കിയിട്ടുണ്ട്; എത്ര സി.ബി.എസ്.ഇ. , ഐ.സി.എസ്.ഇ. വിദ്യാലയങ്ങൾക്ക് NOC നൽകിയിട്ടുണ്ട്?

## കലാ - കായിക വിദ്യാഭ്യാസം

2475. **ശ്രീ.റ്റി.വി.രാജേഷ്**
**,,** കെ.കുഞ്ഞമ്മത് മാസ്റ്റർ
**,,** കെ.വി.അബ്ദുൾ ഖാദർ
**,,** വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലൂടെയുള്ള കലാ - കായിക വിദ്യാഭ്യാസം സംബന്ധിച്ച സർക്കാർ നയം വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ കലാ - കായിക അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ; സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി ഇതിന് തടസ്സമായിട്ടുണ്ടോ ;

(ഡി) ഈ ഒഴിവുകളിലേക്ക് അദ്ധ്യാപക ബാങ്കിൽ നിന്ന് ഭാഷാദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ ; ഇവർക്ക് വേതനം നൽകുന്നത് ഏത് ഫണ്ടിൽ നിന്നാണ് ;

(ഇ) കായികാദ്ധ്യാപകരുടെ ഒഴിവുകളിലേക്ക് ഭാഷാദ്ധ്യാപകരെ നിയമിക്കുന്നത് കായിക വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയ്ക്ക് കാരണമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(എഫ്) കലാ-കായിക അദ്ധ്യാപകരുടെ ഒഴിവുകളിൽ ഈ വിഷയങ്ങളിൽ നിശ്ചിതയോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## പാഠ പുസ്തകങ്ങളുടെ വിതരണം

2476. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അദ്ധ്യയന വർഷം ആരംഭിച്ചിട്ടും പാഠ പുസ്തകങ്ങൾ പൂർണ്ണമായി ഇനിയും വിതരണം ചെയ്തിട്ടില്ലെന്നുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പാഠ പുസ്തകങ്ങൾ പൂർണ്ണമായും വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## എസ്.എസ്.എൽ.സി പരീക്ഷാഫല പ്രഖ്യാപനം

2477. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-ലെ എസ്.എസ്.എൽ.സി പരീക്ഷാഫലം എത്ര തവണ ഔദ്യോഗികമായി പ്രസിദ്ധീകരിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) ഒന്നിൽ കൂടുതൽ തവണ പ്രസ്തുത പ്രഖ്യാപനം നടന്നുവെങ്കിൽ ആയതു സംഭവിക്കാനിടയായ സാഹചര്യം വിശദമാക്കുമോ;

(സി) ഒന്നിൽ കൂടുതൽ തവണ എസ്.എസ്.എൽ.സി പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്ന സാഹചര്യം മുമ്പുണ്ടായിട്ടുണ്ടോ;വ്യക്തമാക്കുമോ?

## അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് അംഗീകാരവും അധ്യാപകവേതനവിതരണവും

2478. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) കാസർകോഡ് ജില്ലയിൽ അംഗീകാരം നൽകിയ അൺ എയ്ഡഡ് വിദ്യാലയങ്ങൾ

ഏതൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) ഇതിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഡി) ഇനിയും അംഗീകാരം നൽകുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടോയെന്നു വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളിലെ അധ്യാപകർക്ക് ശമ്പളം നൽകുന്നതിൽ നിയമ നിർമ്മാണം നടത്തിയിട്ടുണ്ടോ ; വിശദീകരിക്കാമോ ?

## പൊതു വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ

2479. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഒഴിവുള്ള തസ്തികകളിൽ പ്രൊമോഷൻ നൽകി നികത്തേണ്ട നിയമനങ്ങൾ എത്ര ; പി.എസ്.സി. വഴി നടത്തേണ്ട നിയമനങ്ങൾ എത്ര ; വിശദമാക്കാമോ ;

(സി) പൊതു വിദ്യാഭ്യാസ വകുപ്പിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിലും ഡി.പി.ഐ. ആഫീസിലും നിലവിലുള്ള ഒഴിവുകൾ ഏതെല്ലാം ?

## ഹെഡ് മാസ്റ്റർമാരെ നിയമിക്കാൻ നടപടി

2480. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂർ നെടുംപറമ്പ് ഗവൺമെന്റ് എച്ച്.എസ്.ലും പോങ്ങനാട് ഗവൺമെന്റ് എച്ച്.എസ്.ലും ഹെഡ് മാസ്റ്റർമാരെ നിയമിക്കാത്തതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ ഹെഡ് മാസ്റ്റർമാരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

## ആർ.എം.എസ്.എ . പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾ .

2481. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ . പദ്ധതി പ്രകാരം എത്ര ഹൈസ്കൂളുകളാണ് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഈ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(സി) ആർ. എം.എസ്.എ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ ആനുപാതികമായി സ്ഥിരാദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ഇ) ആർ.എം.എസ്.എ സ്കൂളുകളിൽ ഇനിയും അംഗീകാരം ലഭിക്കാത്ത എത്ര സ്കൂളുകൾ ഉണ്ട് ; അവയ്ക്ക് അംഗീകാരം കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ ?

എൽ.പി.എസ്.എ തസ്തികയിലേക്കുള്ള എസ്.റ്റി. വിഭാഗക്കാരുടെ നിയമനം

T 2482. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എൽ.പി.എസ്.എ തസ്തികയിലേക്കുള്ള എസ്.റ്റി. വിഭാഗക്കാരുടെ എൻ.സി.എ. ഒഴിവിൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ടോ ; എങ്കിൽ എത്രപേർക്ക് നിയമനം നൽകി ; അത് എന്നാണ് ;

(ബി) ഇല്ലെങ്കിൽ പി.എസ്.സി അഡ്വൈസ് ചെയ്തിരുന്നോ ; എങ്കിൽ എത്ര പേരെ ; എന്നാണ് ശുപാർശ നൽകിയത് ;

(സി) നിയമനം നൽകിയില്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ ജനറൽ വിഭാഗത്തിനായി നീക്കിവച്ചിട്ടുണ്ടോ ; നിയമനം ലഭിക്കാത്തത് സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ പരാതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) നിയമനം നൽകാത്തതിന് വകുപ്പിന്റെ വിശദീകരണമെന്തെന്ന് വ്യക്തമാക്കുമോ ?

എൽ.പി.സ്കൂളുകളുടെ നിലവാരം

2483. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പുതിയ പ്രീ പ്രൈമറി സ്കൂളുകൾ അനുവദിക്കുന്നുണ്ടോ ; നിലവിലുള്ള സർക്കാർ എൽ.പി.സ്കൂളുകളോടൊപ്പം പ്രീ പ്രൈമറിയും അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ ;

(ബി) നിലവിലുള്ള സർക്കാർ എൽ.പി.സ്കൂളുകളോട് ചേർന്ന് അംഗനവാടി കെട്ടിടം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) സർക്കാർ എൽ.പി. സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ കൂടുതലായി അനുവദിച്ച് എൽ.പി.സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കൂടുതൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

പൈതൃക സംരക്ഷണ പ്രവർത്തനത്തിന് ഗ്രേസ് മാർക്ക്

2484. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും നല്ല രീതിയിൽ പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഹെറിട്ടേജ് ക്ലബുകളെ പ്രോത്സാഹിപ്പിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഹെറിട്ടേജ് ക്ലബുകൾ രൂപീകരിച്ച വിദ്യാലയങ്ങളിൽ അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകാനുള്ള ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കുമോ ?

<u>പുതിയ അദ്ധ്യയന വർഷം മുതൽ നടപ്പാക്കുന്ന പദ്ധതികൾ</u>

2485. **ശ്രീ.പി.എ.മാധവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി ഈ അദ്ധ്യയനവർഷം മുതൽ നടപ്പിലാക്കുന്ന പദ്ധതിൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഈ അദ്ധ്യയന വർഷം മുതൽ വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ;

(സി) സൗജന്യ യൂണിഫോം, പുസ്തകങ്ങൾ എന്നിവയ്ക്കായി എത്ര തുക വീതം നീക്കിവച്ചിട്ടുണ്ട്; ഇവ സമയബന്ധിതമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഹയർ സെക്കന്ററി സ്കൂളുകൾ, ബാച്ചുകൾ- അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

2486. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിച്ചിട്ടുണ്ടെന്ന് ഗവൺമെന്റ് , എയിഡഡ് തിരിച്ച് ജില്ലാ അടിസ്ഥാന ത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഇതിന് അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ ;

(സി) 2014 ജൂണിന് ശേഷം എത്ര ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിച്ചുവെന്ന് ജില്ല തിരിച്ചും സർക്കാർ , എയ്ഡഡ് മേഖല തിരിച്ചും കണക്ക് ലഭ്യമാക്കാമോ;

(ഡി) ബാച്ചുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ഇ) ഹയർ സെക്കന്ററി മേഖലയിൽ അൺ എയ്ഡഡ് സ്കൂളുകൾ , ബാച്ചുകൾ എന്നിവ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

<u>ഹയർ സെക്കന്ററി അധ്യാപകർക്ക് സീനിയർ ഗ്രേഡ്</u>

2487. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചു വർഷം സർവ്വീസ് പൂർത്തിയാക്കിയാക്കുന്ന സർക്കാർ മേഖലയിലെ ഹയർ സെക്കന്ററി അധ്യാപകർക്ക് സീനിയർ ഗ്രേഡ് അനുവദിക്കാറുണ്ടോ;

(ബി) ഈ വിധത്തിൽ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്കും സീനിയർ ഗ്രേഡ് അനുവദിക്കാറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) എയ്ഡഡ് മേഖലയിലെ അധ്യാപകർക്കും സർക്കാർ മേഖലയിലെപ്പോലെ സീനിയർഗ്രേഡ് അനുവദിച്ച നൽകുമോ?

<u>ഹയർ സെക്കന്ററി പാഠപുസ്തകപരിഷ്കരണം</u>

2488. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, വി.പി.സജീന്ദ്രൻ

,, ഷാഫി പറമ്പിൽ

,, അൻവർ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് കരിക്കുലം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പാഠപുസ്തങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ പാഠപുസ്തങ്ങൾ എന്ന് മുതലാണ് പ്രാബല്യത്തിൽ വരുത്താനുദ്ദേശിക്കുന്നത് ;വ്യക്തമാക്കുമോ ?

<u>കായിക മത്സരങ്ങൾക്ക് ഗ്രേയ്സ് മാർക്ക് .</u>

2489. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായിക പരിശീലനത്തിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്കും റവന്യൂ ജില്ലാ തലത്തിൽ പങ്കെടുക്കുന്നവർക്കും അവിടങ്ങളിലെ വിജയികൾക്കും ഗ്രേയ്സ് മാർക്ക് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ബി) കായിക മത്സരങ്ങളുടെ നടത്തിപ്പിന് ചെലവ് വരുന്ന തുക വിദ്യാഭ്യാസ വകുപ്പ് നൽകുന്നില്ല എന്ന പരാതി പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) സബ് ജില്ല, റവന്യൂ, മേഖല മത്സരങ്ങൾക്ക് ഗ്രേസ് മാർക്ക് വിഭജിച്ച് നൽകുന്ന കാര്യം സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് ആലോചിക്കുമോ?

<u>എച്ച്. എസ് .എസ്. ടി. ഹിസ്റ്ററി സീനിയർ, ജൂനിയർ വിഭാഗം അധ്യാപകരുടെ നിയമനം</u>

2490. ശ്രീ.എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ എച്ച്. എസ് .എസ്. ടി. ഹിസ്റ്ററി സീനിയർ , ജൂനിയർഒഴിവുകൾ വിഭാഗം അധ്യാപകരുടെ ആകെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; അവയിൽ പി.എസ്. സി. യിൽ നിന്നും ജനറൽ റിക്രൂട്ട്മെന്റിലൂടെ നികത്തേണ്ടവ എത്രയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി. എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) പ്രസ്തുത ഒഴിവുകളിൽ 1:3 എന്ന അനുപാതപ്രകാരം എത്ര വീതം ഒഴിവുകൾ എച്ച്. എസ്. എ., എൽ. പി. എസ്. എ., യു.പി. എസ്. എ. എന്നിവ മുഖേന തസ്തികമാറ്റം വഴി നിയമിക്കുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

<u>എയ്ഡഡ് സ്കൂൾ/കോളേജ് നിയമനങ്ങളിലെ സംവരണം</u>

T 2491. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ/കോളേജ് അധ്യാപക-അനധ്യാപക നിയമനത്തിന്റെ മാനദണ്ഡമെന്താണ് ; ഇതിനായി യോഗ്യത പരീക്ഷ നടത്താറുണ്ടോ ; ഇത് ആരാണ് നടത്തുന്നത് ; ഇതിനായി പ്രത്യേക പരീക്ഷാ ബോർഡോ മറ്റ് സംവിധാനങ്ങളോ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇങ്ങനെയുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിക്കാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു വിശദമാക്കുമോ ;

(സി) എയ്ഡഡ് സ്കൂൾ/കോളേജ് നിയമനങ്ങളിൽ സംവരണ തത്വം പാലിക്കാത്തതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതികളിൽ കേസുകൾ നിലവിലുണ്ടോ ; എങ്കിൽ എവിടെയൊക്കെ ; പ്രസ്തുത കേസുകളിൽ അന്തിമവിധി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) എയ്ഡഡ് സ്കൂൾ- കോളേജുകളിൽ സംവരണ തത്വം പാലിക്കണമെന്ന കോടതി വിധി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഇ) കോടതി വിധി നടപ്പാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഈ വിധിക്ക് മുൻകാല പ്രാബല്യമുണ്ടോ ; എങ്കിൽ എന്തുകൊണ്ട് ?

<u>മദ്രസാ ഗ്രാന്റ്</u>

2492. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മദ്രസാ ഗ്രാന്റ് ഇനത്തിൽ ഓരോ സാമ്പത്തിക വർഷവും കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുക വീതമാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഓരോ വർഷവും എത്ര തുക വീതമാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) ഫണ്ട് ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളിൽ വീഴ്ച വരുത്തിയത് കാരണം ഗ്രാന്റ് നഷ്ടപ്പെട്ടിട്ടുണ്ടോ; വീഴ്ച സംഭവിക്കാനുള്ള കാരണം വിശദമാക്കാമോ?

<u>മണത്തല ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂളിൽ പ്ലസ് ടു-വിന് അധിക ബാച്ച്</u>

2493. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് മണത്തല ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂളിൽ പ്ലസ് ടു അധിക ബാച്ച് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പി.ടി.എ സമർപ്പിച്ച അപേക്ഷ സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

എയ്ഡഡ് സ്കൂളുകൾക്കുള്ള മെയിൻ്റനൻസ് ഗ്രാന്റ്

2494. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകൾക്കുള്ള മെയിൻ്റനൻസ് ഗ്രാന്റ് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിലവിൽ എൽ.പി, യു.പി സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള മെയിൻ്റനൻസ് ഗ്രാന്റിന്റെ നിരക്ക് എത്രയാണ്;

(സി) ഹൈസ്കൂൾ വിഭാഗത്തിന് അനുവദിച്ചിട്ടുള്ള നിരക്ക് എത്രയാണ്; വിശദമാക്കാമോ ;

(ഡി) ട്രെയിനിംഗ് സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള നിരക്ക് എത്രയാണ്;

(ഇ) മേൽപ്പറഞ്ഞവയിൽ ഏതെങ്കിലും വിഭാഗത്തിനുള്ള തുക പുതുക്കി നിശ്ചയിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണമെന്ത്; പുതുക്കി നിശ്ചയിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(എഫ്) മെയിൻ്റനൻസ് ഗ്രാന്റ് യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

അധ്യാപക -വിദ്യാർത്ഥി അനുപാതം

2495. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ/എയിഡഡ് വിദ്യാലയങ്ങളിൽ നിലവിലുള്ള അധ്യാപക -വിദ്യാർത്ഥി അനുപാതം എത്ര;

(ബി) എൽ.പി./യു.പി./ഹൈസ്കൂൾ/ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ അധ്യാപക -വിദ്യാർത്ഥി അനുപാതം വേർതിരിച്ച് വ്യക്തമാക്കാമോ;

(സി) അധ്യാപക ബാങ്കിലെ അധ്യാപകരുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഡി) കഴിഞ്ഞ അധ്യയന വർഷത്തിൽ എത്ര അധ്യാപകരെയാണ് താൽക്കാലികമായി നിയമിച്ചിരുന്നത്; എൽ.പി./യു.പി./ ഹൈസ്കൂൾ/ഹയർസെക്കണ്ടറി എന്നിവയിലേത് വേർതിരിച്ച് പറയാമോ?

ആശ്വാസ് പദ്ധതി

2496. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ധനസഹായത്തോടെ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ആശ്വാസ് പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായോ ; എങ്കിൽ ലഭ്യമാക്കുമോ ;

(ഇ) പദ്ധതി നടത്തിപ്പിനായി എത്ര തുക വകയിരുത്തിയെന്നും എത്ര തുക എന്തെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

<u>കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം- അധ്യാപക വിദ്യാർത്ഥി അനുപാതം</u>

2497. ശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അധ്യാപക - വിദ്യാർത്ഥി അനുപാതം എത്രയാണ് ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം എത്രയാണ് ;

(സി) അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

<u>സ്കൂൾ മാനേജർമാർ അധ്യാപകരെ പീഡിപ്പിക്കുന്ന സംഭവങ്ങൾ</u>

2498. ശ്രീ.പി.ശ്രീരാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ എയിഡഡ് സ്ഥാപനമായ എം. ഐ. എച്ച്. എസ്. എസ്. ബോയ്സിൽ നിന്നും ജോസഫ് ആൻഡ്രൂസ് എന്ന അധ്യാപകനെ സസ്പെന്റ് ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ സസ്പെൻഷന് ആധാരമായി അദ്ദേഹം ചെയ്ത കുറ്റം എന്താണെന്ന് വിശദമാക്കുമോ ;

(സി) ഏതു തീയതി മുതലാണ് സസ്പെൻഷൻ നിലവിൽ വന്നത് ; എത്ര കാലത്തേയ്ക്കാണ് സസ്പെൻഷൻ ഉത്തരവുള്ളത് ;

(ഡി) സസ്പെൻഷന് ആധാരമായ വിഷയങ്ങളെ സംബന്ധിച്ച് തിരൂർ ഡി .ഇ. ഒ., ഡി. ഡി. മലപ്പുറം എന്നിവർ തെളിവെടുത്ത് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) പ്രസ്തുത വിഷയത്തിൽ സ്കൂൾമാനേജർ വിദ്യാഭ്യാസ വകുപ്പിന് എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ;

(എഫ്) എയ്ഡഡ് സ്കൂൾ മാനേജർമാർ അധ്യാപകരെ പീഡിപ്പിക്കുന്ന സംഭവങ്ങൾ ഏറി വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ പ്രസ്തുത വിഷയത്തിൽ അടിയന്തരമായി തീർപ്പ കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം</u>

2499. ശ്രീ.കെ.മുരളീധരൻ
,, ബെന്നി ബെഹനാൻ
,, എം.പി.വിൻസെൻറ്
,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) എല്ലാ കുട്ടികൾക്കും യൂണിഫോം വിതരണം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം</u>

2500. ശ്രീ.സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈസർക്കാർ അധികാരമേറ്റശേഷം സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>മലപ്പുറം ജില്ലയിലെ എൽ.പി.എസ്.എ. , യു.പി.എസ്.എ തസ്തികകൾ</u>

T 2501. ശ്രീ.പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എൽ. പി. എസ്. എ. , യു.പി.എസ്.എ. തസ്തികകളിൽ അഡ്വൈസ് ചെയ്ത 80 -ൽ പരം ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പലർക്കും നിയമന ശിപാർശ ലഭിച്ച് ഒരു വർഷമായിട്ടും നിയമനം നൽകാത്തതിൻെറ കാരണം വ്യക്തമാക്കാമോ ;

(സി) പല സർക്കാർ വിദ്യാലയങ്ങളിലും ആവശ്യമായ അധ്യാപകരില്ലാത്ത സാഹചര്യത്തിൽ ഈ അധ്യയനവർഷാരംഭം തന്നെ ഇവർക്ക് നിയമനം നൽകുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ;

(ഡി) പി. എസ്. സി. യുടെ നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് എന്നത്തേയ്ക്ക് നിയമനം നൽകുമെന്ന് വ്യക്തമാക്കാമോ ?

<u>എയിഡഡ് സ്കൂൾ അദ്ധ്യാപരുടെ നിയമനം</u>

2502. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയിഡഡ് സ്കൂൾ അദ്ധ്യാപരുടെ നിയമനം, നിയമനാംഗീകാരം എന്നിവ സംബന്ധിച്ച് എത്ര കേസുകൾ കോടതിയിൽ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) എയിഡഡ് സ്കൂൾ അദ്ധ്യാപരുടെ നിയമനം, നിയമനാംഗീകാരം സംബന്ധിച്ച് എത്ര വീതം ഫയലുകൾ ഡി.പി.ഐ. ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ഓഫീസുകളിൽ തീർപ്പാകാതെയുണ്ടെന്നും എത്ര ഫയലുകൾ സർക്കാരിൽ നടപടിയാകാതെ കിടപ്പുണ്ടെന്നും വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ഇത്തരം എത്ര ഫയലുകളിൽ സർക്കാർ തീർപ്പു കല്പിച്ചെന്ന് വിശദമാക്കാമോ?

<u>അദ്ധ്യാപക - വിദ്യാർത്ഥി അനുപാത പുനക്രമീകരണം</u>

2503. ശ്രീ.എ. കെ. ശശീന്ദ്രൻ
**,,** തോമസ് ചാണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷം വിദ്യാലയങ്ങളിൽ തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ കാരണത്താൽ പല അദ്ധ്യാപകർക്കും ജീവനക്കാർക്കും നിയമന അംഗീകാരം ലഭിച്ചില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അധികമായി നിലകൊള്ളുന്ന ജീവനക്കാരുടെ പുനർവിന്യാസം നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) നിലവിലുള്ള അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം കുറച്ച് കൊണ്ട് തസ്തിക നിർണ്ണയിച്ചാൽ അധികമുള്ള അദ്ധ്യാപകരെ നിലനിറുത്താൻ കഴിയുമെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; 1:30, 1:35 എന്ന അനുപാതത്തിൽ അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം സ്ഥിരപ്പെടുത്തുകയാണെങ്കിൽ എല്ലാഅദ്ധ്യാപകർക്കും നിയമന അംഗീകാരം നൽകാമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>മാട്ടൂൽ ഗവ. ഹയർസെക്കണ്ടറി സ്കൂൾ</u>

2504. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട്; ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി എത്ര അധ്യാപക-അനധ്യാപക

തസ്തികകൾ നിലവിലുണ്ട്; എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു; ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്കൂളിന് കെട്ടിടനിർമാണത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സമർപ്പിച്ച 213 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>പാഠപുസ്തക അച്ചടി</u>

2505. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ പാഠപുസ്തക അച്ചടി ഏല്പിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് പുസ്തകം അച്ചടിക്കാനുള്ള ഓർഡർ എന്നാണ് നൽകിയത്; എന്ന് അച്ചടി പൂർത്തിയാക്കി നൽകണമെന്നായിരുന്നു കരാർ വ്യവസ്ഥ;

(ബി) സംസ്ഥാനത്തിന് പുറത്തോ, സ്വകാര്യ പ്രസ്സുകളിലോ ഈ വർഷം പുസ്തകങ്ങൾ അച്ചടിക്കാൻ ഓർഡർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ ; ഇവർക്കുള്ള കരാർ വ്യവസ്ഥകൾ വ്യക്തമാക്കുമോ?

(സി) സംസ്ഥാനത്ത് കരാർ നൽകിയ സർക്കാർ സ്ഥാപനങ്ങൾ അച്ചടി മറ്റ് സ്വകാര്യ പ്രസ്സുകൾക്ക് മറിച്ച് നൽകിയതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>അദ്ധ്യാപക പാക്കേജ് സംബന്ധിച്ച പ്രതിസന്ധി</u>

2506. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നതിന് കോടതിവിധി തടസ്സമായിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) കോടതിവിധിയെത്തുടർന്ന് അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട ഉത്തരവുകൾ റദ്ദുചെയ്യുകയോ മരവിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ ;

(സി) അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

<u>രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ പദ്ധതി **(റൂസ)**</u>

2507. **ശ്രീ.ജി.സുധാകരൻ**
**ഡോ.കെ.ടി.ജലീൽ**
**ശ്രീ.ആർ. രാജേഷ്**
**,, ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ പദ്ധതിയായ 'രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ' വഴി സംസ്ഥാനത്തിന് നാമമാത്രമായ ഫണ്ടുവിഹിതമാണ് അനുവദിച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തുക കുറയാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) എന്തു തുകയ്ക്കുള്ള പദ്ധതിയാണ് കേന്ദ്രത്തിന് സമർപ്പിച്ചിരുന്നത്; ലഭിച്ച തുകയെത്ര ; വിശദാംശം ലഭ്യമാക്കാമോ;

(സി) 'റൂസ' ഫണ്ട് വിഹിതം വളരെ കുറഞ്ഞുപോയത് സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പദ്ധതി തയ്യാറാക്കുന്നതിലും കേന്ദ്രത്തിന് സമർപ്പിക്കുന്നതിലും ഉന്നതവിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ കൗൺസിലും തമ്മിൽ തർക്കം നിലനിന്നിരുന്നോ; ഇതുകാരണം പ്രോജക്ട് അപ്രൂവൽ ബോർഡിനു മുന്നിൽ യഥാസമയം പദ്ധതി സംബന്ധിച്ച് വിശദീകരണം നൽകുന്നതിൽ വീഴ്ച വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രോജക്ട് അപ്രൂവൽ ബോർഡ് യോഗത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തവർ ആരെല്ലാമായിരുന്നു; ഇതിനായി നേരത്തെ നിയോഗിക്കപ്പെട്ടവർ ആരെല്ലാമായിരുന്നു; തീരുമാനം മാറ്റാനുണ്ടായ കാരണം വിശദമാക്കാമോ?

<u>അദ്ധ്യാപക ബാങ്കിന്റെ നിലവിലെ അവസ്ഥ</u>

2508. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക ബാങ്കിൽ നിലവിലുള്ള അദ്ധ്യാപകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്; ഇവരുടെ സേവന വ്യവസ്ഥകൾ എങ്ങനെയാണ് ക്രമീകരിച്ചതെന്ന് വിശദമാക്കാമോ

(ബി)

<u>അദ്ധ്യാപക-ശിക്ഷക് സദനു കളിലെ വാടകയിളവ്</u>

2509. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അദ്ധ്യാപക ഭവൻ, ശിക്ഷക് സദൻ എന്നീ സ്ഥാപനങ്ങൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ:

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ താമസിക്കുന്നതിന് വാടകയിൽ ഇളവ് ലഭിക്കുന്നത് ആർക്കെല്ലാമാണെന്ന് വ്യക്തമാക്കാമോ:

(സി) വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് കൂടി പ്രസ്തുത സ്ഥാപനങ്ങളിൽ വാടകയിളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം</u>

2510. ശ്രീ.പി.തിലോത്തമൻ
,, ഇ.കെ.വിജയൻ
,, വി.എസ്.സുനിൽ കുമാർ
,, ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാക്കണമെന്നാണ് ശിപാർശയുണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ അദ്ധ്യയന വർഷം പുതുക്കിയ അനുപാതം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) പുതിയ അനുപാതം നടപ്പാക്കുന്നതോടുകൂടി എത്ര അദ്ധ്യാപക ഒഴിവുകൾ ഉണ്ടാകും ; ഈ ഒഴിവിലേക്ക് അദ്ധ്യാപക ബാങ്കിൽ നിന്നും നിയമനം നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഹോസ്റ്റൽ കെട്ടിട നിർമാണം</u>

2511. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഈസ്റ്റ് ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ടിലെ ട്രൈബൽ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള ഹോസ്റ്റൽ കെട്ടിടം പുതുക്കിപ്പണിയുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്ന അപേക്ഷയിൽ ഇനിയും അനുമതി ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഹോസ്റ്റൽ കെട്ടിട നിർമാണം ആരംഭിക്കാൻ അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>അമ്പലപ്പുഴ മണ്ഡലത്തിലെ സ്കൂളുകളിലെ ഒഴിവുകൾ</u>

2512. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ വിവിധ സർക്കാർ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഹൈസ്കൂൾ, അപ്പർ പ്രൈമറി സ്കൂൾ, ലോവർ പ്രൈമറി സ്കൂൾ എന്നിവയിൽ നിലവിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>സ്റ്റേറ്റ് സിലബസ്സിൽ കുട്ടികളുടെ എണ്ണം കുറയുന്ന പ്രവണത</u>

2513. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 ആധ്യയന വർഷം എത്ര കുട്ടികൾ പഠിക്കുന്നു എന്നറിയിക്കാമോ; വർഷം തിരിച്ച് 2004-05 മുതൽ 2015-16 വർഷം വരെയുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സ്റ്റേറ്റ് സിലബസ്സിനെ കൂടാതെ മറ്റു സിലബസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം 2015-16 ആധ്യയന വർഷം എത്രയാണ്;

(സി) സ്റ്റേറ്റ് സിലബസ്സിൽ കുറഞ്ഞുവരുന്ന കുട്ടികളുടെ എണ്ണം എത്ര എന്നും ഈ പ്രവണത തടയുവാനും സ്റ്റേറ്റ് സിലബസ്സിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിക്കുന്ന നടപടിക്രമങ്ങളും എന്ത് എന്നും വ്യക്തമാക്കുമോ;

(ഡി) സ്റ്റേറ്റ് സിലബസ്സിൽ കുട്ടികൾ കുറഞ്ഞുവരുന്നത്തിനുള്ള കാരണങ്ങൾ പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) സംസ്ഥാന പാഠ്യപദ്ധതികളിൽ ഈ സർക്കാർ കൊണ്ടുവന്ന ചില പുതിയ പരിഷ്കാരങ്ങൾ അദ്ധ്യയന നിലവാരത്തകർച്ചയുണ്ടാക്കിയതുമൂലമാണ് പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ കുറവുണ്ടാകുന്നത് എന്ന പൊതു അഭിപ്രായം പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ?

## അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനേജ് മെൻറുകളുടെ ചൂഷണം

2514. ശ്രീ.പി.ശ്രീരാമകൃഷ്ണൻ
,, റ്റി.വി.രാജേഷ്
,, സാജു പോൾ
,, വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക - അനദ്ധ്യാപക വിഭാഗങ്ങൾ മാനേജ് മെൻറുകളുടെ കഠിനമായ ചൂഷണത്തിന് വിധേയമാവുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവരുടെ സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

(സി) ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾ മറികടക്കുന്നതിന് പിരിച്ചുവിടലും മറ്റ് കുറുക്കുവഴികളും മാനേജ് മെന്റുകൾ സ്വീകരിക്കുന്നതായി ഉയർന്നിട്ടുള്ള പരാതി പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഈ മേഖലയിൽ നടക്കുന്ന ചൂഷണം തടയുന്നതിന് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ നടപടികൾ വൈകുന്നത് എന്തുകൊണ്ടെന്ന് അറിയിക്കാമോ ?

## അമ്പലപ്പുഴ മണ്ഡലത്തിൽ അസാപ് നടപ്പിലാക്കിയിട്ടുള്ള സ്കൂളുകൾ

2515. ശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്, വ്യക്തമാക്കാമോ ;

(ബി) അസാപ് നടപ്പാക്കിയിട്ടുള്ള സ്കൂളുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചിട്ടുള്ളത് ;

(സി) ഇത്തരം സ്കൂളുകളിൽ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത്;

(ഡി) ഇത്തരം സ്കൂളുകളിൽ അദ്ധ്യാപകരെ ഏതു വിധത്തിലാണ് നിയമിച്ചിട്ടുള്ളത്;ഇവർക്കു നൽകുന്ന വേതന ഘടന വ്യക്തമാക്കുമോ?

## വെഞ്ഞാറമൂട് യു.പി. സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ

2516. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെഞ്ഞാറമൂട് ഗവൺമെൻറ് യു.പി. സ്കൂളിൽ എത്ര കുട്ടികൾ പഠിക്കുന്നു എന്നുള്ള വിവരം അറിയിക്കുമോ;

(ബി) ഒന്നു മുതൽ ഏഴുവരെയുള്ള ഓരോ ക്ലാസ്സിലും എത്ര കുട്ടികൾ വീതമാണ് ഇപ്പോഴുള്ളതെന്ന് വിശദമാക്കുമോ;

(സി) എത്ര ക്ലാസ് മുറികളുടെയും മറ്റ് ഏതെല്ലാംഭൗതിക സാഹചര്യങ്ങളുടേയും അപര്യാപ്തതയാണ് പ്രസ്തുത സ്കൂളിലുള്ളതെന്ന് വിശദീകരിക്കുമോ;

(ഡി) ആവശ്യമായ ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനും മറ്റ് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## സ്കൂളുകളിലെ കായിക പഠനം

2517. ശ്രീ.കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സ്കൂളുകളിലും കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ബി) സ്കൂളുകളിൽ കായിക പഠനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ, മികച്ച കായിക താരങ്ങളെ വാർത്തെടുക്കുന്നതിന് സ്കൂൾ തലത്തിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കൂളുകളിൽ ആയതിന് നീക്കിവച്ചിട്ടുള്ള പീരിഡുകളിൽ മറ്റുവിഷയങ്ങൾ പഠിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം സ്കൂളുകളിൽ നിശ്ചയിച്ച സമയം കായിക പഠനത്തിനുതന്നെ വിനിയോഗിക്കുന്നതിന് നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ; കായികാദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ അവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

## സ്കൂളുകളിലെ പ്രാഥമിക സൗകര്യങ്ങൾ

2518. ശ്രീ.എ. കെ. ശശീന്ദ്രൻ

,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂത്രപ്പുരകളില്ലാത്ത സ്കൂളുകളിലെ പെൺകുട്ടികൾ വെള്ളംപോലും കുടിക്കാൻ മടിക്കുന്നത് സംസ്ഥാനത്ത് വലിയ ആരോഗ്യപ്രശ്നത്തിന് വഴി തെളിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച വരുത്തുന്ന സ്കൂളുകളിൽ അത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്;

(സി) വിദ്യാഭ്യാസ വകുപ്പും ആരോഗ്യവകുപ്പും ഇക്കാര്യത്തിൽ കൂട്ടായ ഉത്തരവാദിത്വം കാണിക്കുമോ ?

## ചിത്തിരപുരം ഹൈസ്കൂളിൽ പോളിടെക്നിക്

2519. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിത്തിരപുരം ഹൈസ്കൂളിൽ പോളിടെക്നിക് സ്ഥാപിക്കുന്നതിന്റെ നടപടികൾ എന്തായി എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ?

## കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

2520. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-2016 അദ്ധ്യയന വർഷത്തിലെ ആറാം പ്രവൃത്തി ദിന കണക്കെടുപ്പുപ്രകാരം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിന്ന് എത്ര കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അൺഎയ്ഡഡ് ,സി.ബി.എസ്.ഇ. സ്കൂളുകളിൽ ഈ അദ്ധ്യയന വർഷം എത്ര കുട്ടികളുടെ വർദ്ധനവുണ്ടായി എന്ന് വിശദമാക്കാമോ?

## തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി പരീക്ഷ

2521. ശ്രീ.തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി പരീക്ഷ പാസ്സായവർ എത്ര;

(ബി) ഇവർക്ക് ഉപരിപഠനത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ തലത്തിൽ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

## സ്കൂളുകളിൽ ആരോഗ്യ വകുപ്പ നടത്തിയ പരിശോധന

2522. ശ്രീ.പി.ഉബൈദുള്ള

,, വി.എം.ഉമ്മർ മാസ്റ്റർ

,, സി.മമ്മൂട്ടി

,, അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യ വകുപ്പ നടത്തിയ പരിശോധനയിൽ കണ്ടെത്തിയതും, വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചതുമായ വീഴ്ചകൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വീഴ്ചകൾ പരിഹരിക്കുന്നതിന് സ്കൂൾ അധികൃതർക്കും, നിയന്ത്രണാധികാരിക്കും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) സ്കൂൾ വർഷം ആരംഭിച്ചിരിക്കെ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

## താൽക്കാലിക അധ്യാപകരുടെ ശമ്പളം

2523. ശ്രീ.പി.ശ്രീരാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി എ.ഇ.ഒ ഓഫീസിന് കീഴിലെ എയിഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന താൽക്കാലിക (ദിവസവേതനം) അധ്യാപകർക്ക് 2013 അധ്യയനവർഷം മുതൽ വേതനം ലഭിക്കാത്തത് എന്തുകൊണ്ടാണെന്നറിയിക്കാമോ;

(ബി) പൊന്നാനി എ.ഇ.ഒ ഓഫീസിന് കീഴിൽ എത്ര അധ്യാപകരാണ് താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്നത് എന്നറിയിക്കാമോ;

(സി) അവർക്ക് ഏതു തീയതി മുതൽ വേതന കുടിശ്ശികയുണ്ട് എന്ന് വിശദമാക്കുമോ;

(ഡി) ഇവർക്ക് അടിയന്തിരമായി വേതനം നൽകുന്നതിന് ഉത്തരവ് നൽകുമോ ?

## ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂൾ

2524. ശ്രീ.ജി.എസ്.ജയലാൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിൽ പുതുതായി അനുവദിച്ച പ്ലസ് വൺ ക്ലാസിന് എത്ര ബാച്ചുകൾ ആരംഭിക്കാനാണ് അനുമതി ലഭിച്ചതെന്നും , പ്രസ്തുത ബാച്ചുകളിൽ എത്ര കുട്ടികൾ ക്ക് അഡ്മിഷൻ നൽകുവാൻ അനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) അനുമതി നൽകിയിട്ടുള്ള ബാച്ചുകൾക്ക് ആവശ്യമായ അദ്ധ്യാപകരും, ഇതര ജീവനക്കാരും എത്രയാണെന്നും, ഏതൊക്കെ കാറ്റഗറിയിൽപ്പെട്ടവരാണെന്നും വ്യക്തമാക്കുമോ ;

(സി) അനുമതി ലഭിച്ച പ്രകാരം ആവശ്യമായ ജീവനക്കാരെ സ്കൂളിൽ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ

പൂർണ്ണതോതിൽ ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത സ്കൂളിൽ പ്ലസ് വണ്ണിന് കൂടുതൽ ബാച്ചുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ?

<u>വഞ്ചിപ്പാട്ട് മത്സര രീതി</u>

2525. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ,യൂണിവേഴ്സിറ്റി കലോത്സവങ്ങളിലെ മത്സര ഇനമായ വഞ്ചിപ്പാട്ടിൽ ആറൻമുള രീതി, കുട്ടനാടൻ രീതി, വച്ചുപാട് രീതി എന്നിവ ഒറ്റ മത്സരമായി സംഘടിപ്പിക്കുന്നതിനാൽ മത്സരത്തിൻെറ വീറും വാശിയും നഷ്ടപ്പെടുമെന്നുള്ളതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് ഉയരുന്ന പരാതികൾക്ക് പരിഹാരമായി മൂന്നുരീതികളും പ്രത്യേകം പ്രത്യേകം മത്സര ഇനങ്ങളായി സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>അട്ടക്കുളങ്ങര സെൻട്രൽ സ്കൂൾ</u>

2526. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടക്കുളങ്ങര സെൻട്രൽ സ്കൂൾ പൊളിച്ചു മാറ്റുവാനും അതു സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ബസ് സ്റ്റാന്റ് , ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ നിർമ്മിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്കൂൾ കാമ്പസ് മറ്റേതെങ്കിലും വകുപ്പുകൾക്ക് ഇതിനകം പതിച്ചു കൊടുത്തിട്ടുണ്ടോ;

(സി) ഈ സ്കൂളിന്റെ ചുറ്റുപാടും സ്ഥിതിചെയ്യുന്ന അൻപതോളം വരുന്ന വൻവൃക്ഷങ്ങൾ മുറിച്ചു മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത നടപടികൾക്കെതിരെ ലഭിച്ച പരാതികൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കൂളുകളിൽ റിസോഴ്സ് സെന്ററുകൾ</u>

2527. **ശ്രീ.ആർ . സെൽവരാജ്**

**,,** അൻവർ സാദത്ത്

**,,** ജോസഫ് വാഴയ്ക്കൻ

**,,** വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കൂളുകൾ കേന്ദ്രമാക്കി റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി, ശാരീരികവും

മാനസികവുമായ ആരോഗ്യം എന്നിവ ഉറപ്പ് വരുത്തുന്നതിന് പദ്ധതിയിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഭിന്നശേഷിയുള്ള കുട്ടികൾക്കായുള്ള പാഠ്യപദ്ധതി</u>

2528. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് സമഗ്ര പഠനം നടത്താൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാം;

(ബി) സംസ്ഥാനത്ത് ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായി പുതിയ പാഠ്യപദ്ധതി നടപ്പാക്കുന്നുണ്ടോ ; എങ്കിൽ ആരാണ് പദ്ധതി തയ്യാറാക്കിയത്;

(സി) സംസ്ഥാനത്ത് എല്ലാ സ്കൂളുകളിലും ഈ പദ്ധതി നടപ്പാക്കുന്നുണ്ടോ ; ഇല്ലെങ്കിൽ തെരഞ്ഞെടുത്ത സ്കൂളുകളിൽ മാത്രമാണോ; ഇതു സംബന്ധിച്ച ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദവിവരം നൽകാമോ ?

<u>ഹയർസെക്കന്ററി അഡ്മിഷൻ</u>

2529. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി വിദ്യാഭ്യാസത്തിന് സംസ്ഥാന ഹയർസെക്കന്ററി /വൊക്കേഷണൽ ഹയർസെക്കന്ററി /സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ /ഐ.എസ്.ഇ മേഖലകളിൽ സംസ്ഥാനത്താകമാനം എത്ര സീറ്റുകളിൽ 2014-15 വർഷം അഡ്മിഷന് അപേക്ഷ ക്ഷണിച്ചു ; എത്ര പേർക്ക് ഓരോ വിഭാഗത്തിലും അഡ്മിഷൻ ലഭിച്ചു ; എത്ര സീറ്റുകൾ ഒഴിഞ്ഞു കിടന്നു ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ആയതിനായുള്ള അഡ്മിഷനുവേണ്ടി 2015-16 വർഷം ഓരോ വിഭാഗത്തിനും എത്ര സീറ്റുകൾക്ക് അഡ്മിഷനു വേണ്ടി അപേക്ഷകൾ ക്ഷണിച്ചു എന്നും, എത്ര വിദ്യാർത്ഥികൾ വിവിധ സിലബസ്സുകളിൽ അഡ്മിഷനായി യോഗ്യത നേടിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ;

(സി) 2014-15 അക്കാഡമിക് വർഷം തുടങ്ങിയ ശേഷം എത്ര സ്കൂളുകളിൽ പ്ലസ് വൺ പഠനത്തിനായി ഏതെല്ലാം സ്കൂളുകളിൽ എത്ര ബാച്ചുകളിലായി എത്ര കുട്ടികൾക്ക് അഡ്മിഷൻ നൽകാൻ അനുമതി നൽകിയെന്നും, 2014-15 വർഷം ബഹു. ഹൈക്കോടതി അനുമതി നിഷേധിച്ച ഏതെല്ലാം സ്കൂളുകൾ ഇവയിൽ ഉൾപ്പെടുന്നുവെന്നും ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(ഡി) 2010-11 മുതൽ 2014-15 വരെ സംസ്ഥാനത്ത് പ്ലസ് വൺ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളിൽ എത്ര പേർ മറ്റു സംസ്ഥാനങ്ങളിൽ അഡ്മിഷൻ വാങ്ങിയെന്ന കണക്ക് ലഭ്യമാക്കുമോ?

## വിദ്യാലയങ്ങളിലെ മലയാളഭാഷാ പഠനം

2530. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, വി.റ്റി.ബൽറാം

,, എ.റ്റി.ജോർജ്

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ മലയാളഭാഷാ പഠനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) മലയാളം മാതൃഭാഷയല്ലാത്ത വിദ്യാർത്ഥികൾക്ക് മലയാളഭാഷ പഠിക്കുവാൻ എന്തെല്ലാം സൗകര്യങ്ങളാണ് വിദ്യാലയങ്ങളിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി സ്കൂളിലെ പീരിയഡുകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

## വിദ്യാലയങ്ങളിലെ അധ്യാപകരുടെ ഒഴിവുകൾ

2531. ശ്രീ.ജി.സുധാകരൻ

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

ശ്രീമതി.പി. അയിഷാ പോറ്റി

,, കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങളിൽ അധ്യാപകരുടെ എത്ര ഒഴിവുകളുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് എന്നു മുതലുള്ളതാണെന്ന് അറിയിക്കാമോ ;

(ബി) ആവശ്യമായ അദ്ധ്യാപകരില്ലാത്തിതിനാൽ സർക്കാർ വിദ്യാലയങ്ങളിൽ അദ്ധ്യയനം മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സാഹചര്യത്തിലും പി.എസ്.സി യിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ നിയമനത്തിനായി കാത്തു നിൽക്കുന്ന സ്ഥിതിയുള്ളതായി അറിയാമോ ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

## ഹയർസെക്കണ്ടറി വിദ്യാർത്ഥികളിലെ അഭിരുചി പരിശോധന

2532. ശ്രീ.ഇ.ചന്ദ്രശേഖരൻ

,, പി.തിലോത്തമൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർസെക്കണ്ടറി വിദ്യാർത്ഥികളുടെ അഭിരുചി പരിശോധിക്കുന്നതിനുള്ള പദ്ധതി ഹയർ സെക്കണ്ടറിയുടെ കരിയർ ഗൈഡൻസ് സെൽ തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിലെ അഭിരുചിയാണ് പരിശോധിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കരിയർ ഗൈഡൻസ് സെൽ തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

<u>പാഠപുസ്തകങ്ങളുടെ വിതരണം</u>

2533. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തകങ്ങൾ കൃത്യ സമയത്ത് വിതരണം ചെയ്യാത്തതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പാഠപുസ്തകങ്ങൾ കൃത്യ സമയത്ത് വിതരണം ചെയ്യുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ?

<u>ഒഴിവുണ്ടായിരുന്ന പ്ലസ് വൺ സീറ്റുകൾ</u>

2534. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അദ്ധ്യയന വർഷം സർക്കാർ/എയിഡഡ് മേഖലകളിലെ എത്ര പ്ലസ് 1 സീറ്റുകൾ ഒഴിഞ്ഞുകിടന്നിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ അദ്ധ്യയന വർഷത്തിൽ സർക്കാർ/എയിഡഡ്/അൺഎയിഡഡ് മേഖലകളിൽ പുതിയ പ്ലസ് 2 സ്കൂളുകളോ അധിക ബാച്ചുകളോ അനുവദിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>പാഠപുസ്തകങ്ങളുടെ വിതരണം</u>

2535. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എത്ര സ്കൂളുകളിൽ ഇനിയും പാഠപുസ്തകം ലഭിക്കാനുണ്ടെന്ന് വിശദമാക്കാമോ;

(ബി) പുസ്തകങ്ങൾ ലഭ്യമാകാത്ത കുട്ടികൾക്ക് ഡൗൺലോഡ് ചെയ്ത പാഠപുസ്തകം താത്ക്കാലികമായി ലഭ്യമാക്കാൻ എന്തു നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ ?

(സി)

<u>അദ്ധ്യാപകനായിരുന്ന കെ. കെ. അനീഷിന്റെ ആത്മഹത്യ-വകുപ്പ് നടപടി</u>

2536. ശ്രീ.ഇ.പി.ജയരാജൻ

,, എ.കെ.ബാലൻ

ശ്രീമതി.കെ.കെ.ലതിക

ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് കേരള വിദ്യാഭ്യാസ ചട്ട പ്രകാരം മാനേജർമാർക്കുള്ള അധികാരം ദുരുപയോഗം ചെയ്യപ്പെടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർസെക്കന്ററി സ്കൂളിലെ അദ്ധ്യാപകനായിരുന്ന കെ. കെ. അനീഷ് സ്കൂൾ മാനേജരുടെ പീഡനം മൂലം ആത്മഹത്യ ചെയ്തതു സംബന്ധിച്ച് വകുപ്പുതല അന്വേഷണം ഏത് ഘട്ടത്തിലാണ് ; മാനേജരുടെ തീരുമാനത്തിന് അംഗീകാരം നൽകിയത് ഏത് ഉദ്യോഗസ്ഥനാണ് ; ഇയാൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) അനീഷ് സ്കൂളിലെ പ്യൂണിനെ മർദ്ദിച്ച് പരിക്കേല്പിച്ചു എന്ന ആരോപണം തെറ്റായിരുന്നുവെന്ന് തെളിഞ്ഞതായി അറിയാമോ ; എങ്കിൽ ഇതു സംബന്ധിച്ച് വ്യാജ വൂണ്ട് സർട്ടിഫിക്കറ്റ് നൽകിയ ഡോക്ടർ അറസ്റ്റ് ചെയ്യപ്പെട്ട് റിമാന്റിലായ വിവരം അറിയാമോ ;

(ഡി) അധികാരദുർവിനിയോഗം ചെയ്ത സ്കൂൾ മാനേജരുടെയും ഇതിനു കൂട്ടുനിന്ന പ്രധാന അദ്ധ്യാപിക,പ്യൂൺ എന്നിവരുടെയും പേരിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഇ) അദ്ധ്യാപകർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാനുള്ള മാനേജർമാരുടെ അധികാരം എടുത്തു കളയുന്നതിന് നിയമഭേദഗതി കൊണ്ടുവരാൻ തയ്യാറാകുമോ ?

## വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി

2537. ശ്രീ.സി.പി.മുഹമ്മദ്

,, ടി.എൻ. പ്രതാപൻ

,, വി.ഡി.സതീശൻ

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ സ്കൂളുകളിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) വിദ്യാർത്ഥികളുടെ എന്തെല്ലാം വിവരങ്ങളാണ് ഡിജിറ്റൈസ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം

2538. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ , അടിമാലി സബ് ജില്ലകളിൽ മുസ്ലിം , ഒ.ബി.സി. , എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും മറ്റ് ആനുകൂല്യങ്ങളും നൽകുന്നുണ്ടോ ;

(ബി) എങ്കിൽ ആയത് കൃത്യമായും വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) സ്കോളർഷിപ്പുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>എഞ്ചിനീയറിംഗ് പ്രവേശനയോഗ്യതയും മാർക്കിളവ് സമ്പ്രദായവും</u>

2539. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിലെ എഞ്ചിനീയറിംഗ് കോളേജുകൾ ഏതെല്ലാമെന്നും ഓരോ കോളേജിലും ഏതെല്ലാം ഐച്ഛിക വിഷയങ്ങൾക്ക് അനുമതിയുണ്ടെന്നും 2014-15 -ൽ ഓരോ ഐച്ഛിക വിഷയത്തിനുമായി എത്ര ബി.ടെക്. / എം.ടെക്. /മറ്റു വിഭാഗങ്ങൾ -ൽ എത്ര സീറ്റുകൾ ഉണ്ടായിരുന്നുവെന്നും എത്ര സീറ്റുകളിൽ അഡ്മിഷൻ നടന്നുവെന്നും എത്ര സീറ്റുകൾ ഒഴിഞ്ഞു കിടന്നുവെന്നും വ്യക്തമാക്കാമോ;

(ബി) 2015-16 -ൽ ഓരോ വിഭാഗത്തിലും എത്ര സീറ്റുകളിൽ അഡ്മിഷനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട് എന്നും, എത്ര കുട്ടികൾ എൻട്രൻസ് പരീക്ഷ വഴി യോഗ്യത നേടി എന്നും, 2014-15 -നുശേഷം എത്ര സ്ഥാപനങ്ങൾക്ക് അനുമതി നല്കിയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ എഞ്ചിനീയറിംഗിന് അഡ്മിഷൻ ലഭിക്കാനുള്ള അടിസ്ഥാന യോഗ്യത എന്തായിരുന്നുവെന്നും അതിൽ എന്തെല്ലാം ഇളവുകൾ നല്കിയെന്നും വ്യക്തമാക്കുമോ;

(ഡി) മാർക്കിളവ് സമ്പ്രദായത്തെക്കുറിച്ച് പഠിക്കാൻവേണ്ടി ഒരു ഉന്നതതല സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഇ) 2015-16 -ൽ എഞ്ചിനീയറിംഗ് അഡ്മിഷനുള്ള സർക്കാർ സീറ്റുകൾ എത്ര; മറ്റു വിവിധ സീറ്റുകൾ എത്ര; വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

<u>കണ്ണൂർ സർവ്വകലാശാലയിലെ ചട്ടവിരുദ്ധ ഇടപാട്</u>

2540. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയുടെ ചട്ടവിരുദ്ധ ഇടപാടുകളിൽ 7.49 കോടി രൂപയുടെ അധിക ബാദ്ധ്യത വന്നതായി ഓഡിറ്റിൽ കണ്ടെത്തിയതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ;

(ബി) കൂടാതെ, ആസ്ഥാന മന്ദിര നിർമ്മാണത്തിനായുള്ള ഭൂമി നിരപ്പാക്കലിന് ടെണ്ടർ നടപടികൾ

പാലിക്കാതെയാണ് കരാർ നൽകിയതെന്ന ആരോപണം ശരിയാണോ;

(സി) സിൻഡിക്കേറ്റിന്റെ അനുവാദമില്ലാതെ മഞ്ചേശ്വരത്ത് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യൻ ലാൻഗ്വേജിനായി കെട്ടിടനിർമ്മാണം ആരംഭിച്ച എന്ന ആരോപണം ശരിയാണോ;

(ഡി) എങ്കിൽ ഇതിന് ഉത്തരവാദികളായവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഓൺലൈൻ സംവിധാനം

2541. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളേയും അവയ്ക്ക് കീഴിലുള്ള കോളേജുകളേയും ബന്ധിപ്പിച്ച് കൊണ്ടുള്ള ഓൺലൈൻ സംവിധാനം നിലവിലുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ സർവകലാശാലകളിലാണ് ആയത് നടപ്പാക്കിയിട്ടുള്ളത് ;

(സി) ഇല്ലെങ്കിൽ 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പ്രസ്തുത കാര്യം നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കുമോ ?

സാങ്കേതിക സർവ്വകലാശാല

2542. **ശ്രീ.പി.എ.മാധവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ സാങ്കേതിക സർവ്വകലാശാല എന്നു മുതൽ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ ; ഇതിനായി എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും സർവ്വകാലശാലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(സി) സാങ്കേതിക സർവ്വകലാശാല നിലവിൽ വരുമ്പോൾ സംസ്ഥാനത്ത് ഏകീകൃതമായ സിലബസ്സും പരീക്ഷാ സമ്പ്രദായവുമാണോ നിലവിൽ വരുന്നതെന്ന് അറിയിക്കാമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത സർവ്വകലാശാലയിലേയ്ക്ക് ജീവനക്കാരുടെ നിയമനങ്ങൾ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ?

കാലിക്കറ്റ് സർവ്വകലാശാലയിലെ തെറ്റായ ബിരുദ സർട്ടിഫിക്കറ്റ് വിതരണം

2543. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയുടെ ബിരുദ സർട്ടിഫിക്കറ്റുകൾ തെറ്റായി അച്ചടിച്ച് വിതരണം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിദ്യാഭ്യാസ രംഗത്ത് അവമതിപ്പുണ്ടാക്കുന്ന പ്രസ്തുത സംഭവത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത സർവ്വകലാശാലയിൽ ഇതിന് മുൻപ് ഇത്തരത്തിലുള്ള സംഭവം ഉണ്ടായിട്ടുണ്ടോ ; വിശദാംശംങ്ങൾ അറിയിക്കാമോ ?

<u>സർവ്വകലാശാലകളിലെ ഗവേഷണ പ്രബന്ധങ്ങൾ</u>

2544. ശ്രീ.പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർവ്വകലാശാലകളിലെ ഗവേഷണ പ്രബന്ധങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗവേഷണ പ്രവർത്തനങ്ങളുടെയും പ്രബന്ധങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) സർവ്വകലാശാലകളിൽ ഗവേഷണ പ്രബന്ധങ്ങൾ കാണാതാകുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഗവേഷണ പ്രബന്ധങ്ങളുടെ ഡിജിറ്റൽ ആർക്കൈവ് സർവ്വകലാശാലകളുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഇ-സാക്ഷരതാ പദ്ധതി</u>

2545. ശ്രീ.ടി.എൻ. പ്രതാപൻ

,, എം.പി.വിൻസെൻറ്

,, കെ.ശിവദാസൻ നായർ

,, ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-സാക്ഷരതാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്നും; പദ്ധതിയ്ക്ക്എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നതെന്നും എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

<u>കേരള സംസ്ഥാന സാക്ഷരതാ മിഷനിലെ ക്രമക്കേടുകൾ</u>

2546. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നടന്നുവരുന്ന ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കാത്തതെന്തുകൊണ്ട് ;

(ബി) സംസ്ഥാനത്ത് ഹയർസെക്കണ്ടറി തുല്യതാ കോഴ്സുകൾവരെ നടത്തുന്നതിന് ചുമതലപ്പെട്ട ഈ സ്ഥാപനത്തിന്റെ ഡയറക്ടർ തസ്തികയിൽ മതിയായ യോഗ്യതയില്ലാത്ത ഒരാളെ നിയമിച്ചത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) ഹയർസെക്കണ്ടറി തുല്യതാ കോഴ്സിന്റെ ചുമതലയുള്ള അസിസ്റ്റന്റ് ഡയറക്ടർക്ക് അദ്ധ്യാപക പ്രവൃത്തി പരിചയമുണ്ടോ ; അദ്ധ്യാപക യോഗ്യതാനിർണ്ണയ പരീക്ഷകൾ പാസ്സായിട്ടുണ്ടോ ; ഇദ്ദേഹത്തെ നിയമിക്കാൻ സ്വീകരിച്ച മാനദണ്ഡമെന്തെല്ലാം ;വിശദമാക്കുമോ;

(ഡി) സാക്ഷരതാ മിഷന്റെ ഭരണനിർവ്വഹണത്തിനായി രൂപീകരിച്ചിട്ടുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കീഴിൽ എത്ര ഉപസമിതികളാണുള്ളത് ; ഇവ യോഗം ചേരാറുണ്ടോ ; ഇവയിലെ അംഗങ്ങളുടെ പേരുവിവരം നൽകാമോ ?

<u>സാക്ഷതാമിഷൻ പ്ലസ് വൺ തുല്യതാ പഠനം</u>

2547. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷതാമിഷൻ പ്ലസ് വൺ തുല്യതാ പഠനം നടത്തുന്ന എത്ര വിദ്യാർഥികൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം പഠിതാക്കൾക്കായുള്ള ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ടോ;എങ്കിൽ എപ്പോഴാണ് ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവർക്ക് ആവശ്യമായ പുസ്തകം ഇതുവരെ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പുസ്തകം ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>പുഴ മുതൽ പുഴ വരെ പദ്ധതി</u>

2548. ശ്രീ.സണ്ണി ജോസഫ്
,, ഹൈബി ഈഡൻ
,, കെ.മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴ മുതൽ പുഴവരെ എന്ന പദ്ധതിക്ക് റവന്യൂ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെലാം ;

(സി) നദികളുടെ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് റവന്യൂ വകുപ്പിൽ എന്തെല്ലാം മോണിറ്ററിംഗ് സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ?

<u>ഭൂമി തട്ടിപ്പിലൂടെ അപഹരിക്കപ്പെട്ട സ്ഥലങ്ങൾ</u>

2549. ശ്രീ.സി.ദിവാകരൻ

,, ജി.എസ്.ജയലാൽ

,, കെ.അജിത്

,, മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലുവർഷങ്ങൾക്കിടയിൽ സംസ്ഥാനത്ത് എത്ര ഭൂമി തട്ടിപ്പ് കേസ്സുകൾ ഉണ്ടായിട്ടുണ്ടെന്നും ഇവയിൽ സി.ബി.ഐ അന്വേഷിക്കുന്ന കേസ്സുകൾ ഏതൊക്കെയാണെന്നും വ്യക്തമാകുമോ;

(ബി) സി.ബി.ഐ അന്വേഷണത്തെ തുടർന്ന് ഇതുവരെയായി എത്ര പേരെ അറസ്റ്റ് ചെയ്തു; അവർ ആരൊക്കെയെന്ന വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കാലയളവിൽ ഭൂമി തട്ടിപ്പിലൂടെ ഇതുവരെയായി എത്ര ഹെക്ടർ സ്ഥലം അപഹരിക്കപ്പെട്ടിട്ടുണ്ട് എന്നും അവ എവിടെയെല്ലാമെന്നും വിശദീകരിക്കുമോ ?

<u>പ്രീ-റവന്യൂ സർവ്വേ അദാലത്തുകൾ</u>

2550. ശ്രീ.വി.ഡി.സതീശൻ

,, വി.റ്റി.ബൽറാം

,, ഡൊമിനിക് പ്രസന്റേഷൻ

,, എ.റ്റി.ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എല്ലാ ജില്ലകളിലും പ്രീ-റവന്യൂ സർവ്വേ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചിരുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) അദാലത്തിലൂടെ എത്ര ശതമാനം പരാതികൾ പരിഹരിച്ചു ;

(ഡി) പരിഹരിക്കാത്ത പരാതികളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഫ്ലഡ് റിലീഫ് സ്കീം</u>

2551. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലഡ് റിലീഫ് സ്കീമിൽ എത്ര കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിലുള്ള സ്കീമിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ പ്രവൃത്തി നടത്തുന്നത് സ്റ്റേ ചെയ്തുകൊണ്ട് ഏതെങ്കിലും ജില്ലയിൽ നടപടികളുണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) സ്റ്റേ ചെയ്തിട്ടുണ്ടെങ്കിൽ ഇതുമൂലമുണ്ടായ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

മണ്ണ് എടുക്കുന്നതിനുള്ള നിയന്ത്രണം

2552. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുപണി നടത്തുന്നതിന് മണ്ണ് എടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണം നിലനിൽക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച വ്യവസ്ഥകൾ ഉദാരമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) വീട് പണിക്ക് മണ്ണെടുത്തത് സംബന്ധിച്ച് റവന്യൂ അധികാരികൾ എടുത്ത കേസ്സുകളിൽ ജില്ലാ ഭരണകൂടങ്ങൾ അനാവശ്യ നടപടികൾ സ്വീകരിയ്ക്കുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) വീട്ടു പണിക്ക് മണ്ണെടുത്തതു സംബന്ധിച്ച കേസ്സ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ശ്രീ മോഹനൻ, മാന്നാർ, പൂഴിക്കൽ 705/15/VI P/M (R&C) നമ്പരായി റവന്യൂ മന്ത്രിക്ക് നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

കൊല്ലം റൂറൽ പോലീസ് ആസ്ഥാന നിർമ്മാണം

2553. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാന നിർമ്മാണത്തിന് കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികൾക്കുള്ള ഫയൽ ( u3/6623/13) റവന്യൂ വകുപ്പിന്റെ പരിഗണനയിൽ വന്നത് എന്നാണ് ;

(ബി) പ്രസ്തുത ഫയലിൽമേൽ സ്വീകരിച്ച തുടർ നടപടികളും ഫയലിന്റെ ഇപ്പോഴത്തെ നിലയും വെളിപ്പെടുത്തുമോ ?

റവന്യൂ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് കർമ്മ പദ്ധതി

2554. ശ്രീ.സണ്ണി ജോസഫ്

,, പി.സി വിഷ്ണുനാഥ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, ഡൊമിനിക് പ്രസന്റേഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ദിനം പ്രഖ്യാപിച്ച് ആഘോഷങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആഘോഷങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) റവന്യൂ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ്

ഇതോടനുബന്ധിച്ച് ആവിഷ്കരിച്ചിട്ടുള്ളത്;

(സി) എന്തെല്ലാം തുടർ നടപടികളാണ് ഇതിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>റവന്യൂ ഡിസാസ്റ്റർ മാനേജ് മെന്റ് മുഖേന റോഡുകളുടെ അടിയന്തിര പുനരുദ്ധാരണം</u>

2555. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതി മൂലം ഗതാഗത യോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ അടിയന്തിര പുനരുദ്ധാരണത്തിനായി ഡിസാസ്റ്റർ മാനേജ് മെന്റ് വകുപ്പ് മുഖേന 2014-2015 ൽ അനുവദിച്ചതും 2015 മാർച്ച് 31 ന് മുമ്പായി ആരംഭിക്കാത്തതുമായിട്ടുള്ള പ്രവൃത്തികളുടെ ഭരണാനുമതി റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ റദ്ദ് ചെയ്ത നടപടി പുനപരിശോധിക്കുവാനും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാനുമുള്ള കാലപരിധി 2015 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു നൽകുവാനും നടപടി സ്വീകരിക്കുമോ ?

<u>റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഭരണാനുമതി</u>

T 2556. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഭരണാനുമതി ലഭ്യമാക്കുന്നതിന് കോഴിക്കോട് ജില്ലയിൽ നിന്ന് ഡി.എൽ.ഇ. സി അംഗീകാരം നൽകിയ എത്ര പദ്ധതികളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനതല സമിതി കൂടുന്നതിലെ കാലതാമസം ഭരണാനുമതി ലഭ്യമാക്കുന്നതിനും പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനും വലിയ കാലതാമസം വരുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ</u>

2557. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൻ കീഴിൽ റവന്യൂ വകുപ്പ്, ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഭൂമിയുടെ കരം ഒടുക്കുമ്പോൾ നൽകുന്ന രസീതുകൾ</u>

2558. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ നിന്നും ഭൂമിയുടെ കരം ഒടുക്കുമ്പോൾ നൽകുന്ന രസീതുകളിൽ (TR) ഭൂമിയുടെ അളവ് രേഖപ്പെടുത്തുന്നത് ഹെക്ടറിലായതു മൂലം സാധാരണക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഭൂമിയുടെ അളവ് സെന്റിൽ കൂടി രേഖപ്പെടുത്തി രസീതുകൾ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>വില്ലേജ് ഫീൽഡ് ഓഫീസർമാർ കരം രസീത് നല്കുന്നത്</u>

2559. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് ഓഫീസർമാർക്ക് കരം സ്വീകരിച്ച് രസീത് എഴുതുവാനുള്ള അധികാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ;

(ബി) നിലവിലുള്ള ചട്ടപ്രകാരം പ്രസ്തുത ജീവനക്കാർക്ക് കരം എഴുതുന്നതിനുള്ള അധികാരം നൽകുമ്പോൾ ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് ഈ അധികാരം നൽകുന്നതിന്റെ സാധുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ഡി) എങ്കിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>താലൂക്ക് സഭകളിൽ എം.എൽ.എ മാരുടെ പ്രതിനിധികൾ</u>

2560. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് സഭകൾ ചേരുന്ന സന്ദർഭങ്ങളിൽ എം.എൽ.എ. മാർക്ക് പങ്കെടുക്കുവാൻ സാധിക്കാത്ത ഘട്ടങ്ങളിൽ ഒരു പ്രതിനിധിയെ അയയ്ക്കുവാൻ അനുവാദമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലാ വികസന സമിതികളിൽ മന്ത്രിമാരുടെ പ്രതിനിധികൾക്ക് പങ്കെടുക്കുവാൻ അവകാശമുള്ളതുപോലെ താലൂക്ക് സഭകളിൽ എം.എൽ.എ. മാരുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തുവാൻ ഉത്തരവ് നൽകുമോ എന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>പാണപ്പുഴ വില്ലേജിലെ കൈയേറ്റം</u>

2561. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാണപ്പുഴ വില്ലേജിൽ മിച്ചഭൂമി അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എത്ര ഭൂമിയാണ് അളന്നുതിട്ടപ്പെടുത്തിയത് ; എത്രപേർക്ക് പട്ടയം കൊടുത്തിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(ബി) പാണപ്പുഴ വില്ലേജിൽ റവന്യൂഭൂമി വ്യാപകമായി കൈയേറുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; ലഭിച്ച പരാതിയിൽ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) കൈയേറ്റക്കാരിൽ നിന്ന് ഭൂമി തിരിച്ചുപിടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

## ചാലക്കുടി താലൂക്ക് ഓഫീസ് കെട്ടിടം നിർമ്മാണം

2562. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ റവന്യൂ വകുപ്പിനു കീഴിലുള്ളതും നേരത്തെ വ്യവസായ വകുപ്പിൽ നിന്നും ചാലക്കുടി മുനിസിപ്പാലിറ്റിക്കു കൈമാറിക്കിട്ടിയതുമായ 'റീ ഫ്രാക്ടറീസ്' വക സ്ഥലത്ത് ചാലക്കുടി താലൂക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം കൈമാറ്റം സംബന്ധിച്ച് സർക്കാരോ ചാലക്കുടി മുനിസിപ്പാലിറ്റിയോ എന്തെങ്കിലും നടപടികൾ ഇനിയും പൂർത്തിയാക്കാനുണ്ടോയെന്ന് വ്യക്തമാക്കാമോ?

## കാസർഗേഡ് ജില്ലയിലെ തൂക്കുപാലം പണി

2563. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മാടക്കാൽ തൂക്കുപാലം ദുരന്ത നിവാരണ വകുപ്പുമുഖേന പണിത് മാസങ്ങൾ കഴിയവെ തകർന്നത് സംബന്ധിച്ച അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയും ഇതോടൊപ്പം തടസ്സപ്പെട്ട പടന്നക്കടപ്പുറം തൂക്കുപാലം പണിയും എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കാസർകോഡ് ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസം

2564. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർകോഡ് ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക അനുവദിച്ചുവെന്ന് നിയോജക മണ്ഡലം തിരിച്ച കണക്ക് സഹിതം നൽകാമോ;

(സി) വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും പണം അനുവദിക്കുന്നതിന് തടസ്സങ്ങൾ

നിലവിലുണ്ടോ ; വിശദാംശങ്ങൾ നൽകാമോ?

<u>സർക്കാർ ഭൂമി കൈയ്യേറി ഖനനം</u>

2565. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

**,,** കെ.വി.അബ്ദുൾ ഖാദർ

**,,** സാജു പോൾ

**,,** എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഭൂമി കയ്യേറി വ്യാപകമായി ഖനന പ്രവർത്തനങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലങ്ങളായി ഇത്തരത്തിൽ അന്യാധീനപ്പെട്ട സ്ഥലങ്ങൾ വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) മൂക്കുന്നിമലയിൽ ഖനനം നടക്കുന്ന പ്രദേശങ്ങൾ സർവ്വെ നടത്തി സർക്കാർ ഭൂമിയിലുള്ള കയ്യേറ്റം കണ്ടെത്താൻ ശ്രമിക്കുമോ;ഇതിനായുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇപ്പോൾ ഏത് അവസ്ഥയിലാണ്;

(ഡി) പാരിസ്ഥിതികാഘാതമുണ്ടാക്കുന്നതും പരിസരവാസികൾക്ക് ദോഷകരമായിട്ടുള്ളതുമായ അനധികൃത ഖനന പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഗുരുവായൂർ നിന്ന് വടക്കോട്ട് റെയിൽ പാത</u>

T 2566. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിന്ന് വടക്കോട്ടുള്ള റെയിൽ പാതയ്ക്കായി സ്ഥലം ഏറ്റെടുക്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനസർക്കാർ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ ;

(സി) കേന്ദ്ര സർക്കാർ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>സ്മാർട്ട് വില്ലേജ്</u>

2567. **ശ്രീ.ഷാഫി പറമ്പിൽ**

**,,** ടി.എൻ. പ്രതാപൻ

**,,** ഹൈബി ഈഡൻ

**,,** വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>മണ്ണെടുപ്പ് മൂലമുള്ള പാരിസ്ഥിതി പ്രശ്നങ്ങള്‍</u>

2568. **ശ്രീ.പി.കെ.ബഷീര്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കെട്ടിടനിര്‍മ്മാണത്തിനു മണ്ണെടുക്കുന്നതിനുള്ള പാരിസ്ഥിതികാനുമതിക്ക് ഇളവ് നല്‍കിയിട്ടുണ്ടോ ;

(ബി) ഇത്തരം നടപടി മൂലമുണ്ടാകുന്ന പാരിസ്ഥിതികാഘാതത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പാരിസ്ഥിതികാനുമതിക്ക് ഇളവ് നല്‍കി ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ ?

<u>കാസര്‍ഗോഡ് ജില്ലയിലെ ഇ-മണല്‍ വിതരണ ക്രമക്കേടുകള്‍</u>

2569. **ശ്രീ.കെ.കുഞ്ഞിരാമന്‍ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ ഇ-മണല്‍ വിതരണവുമായി ബന്ധപ്പെട്ട ക്രമക്കേടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ;

(സി) അന്വേഷണത്തില്‍ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങള്‍ അറിയിക്കാമോ?

<u>ദുരിതാശ്വാസ നിധിയില്‍ നിന്ന് അനുവദിച്ച തുകയുടെ വിതരണം</u>

T 2570. **ശ്രീ.ജോസ് തെറ്റയില്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ ജോസ്പുരം കോളനിയില്‍ കല്ലേലി വീട്ടില്‍ ബ്രിജിത്തക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില്‍ നിന്ന് ആറു മാസങ്ങള്‍ക്കു മുമ്പ് (പെറ്റീഷന്‍ നമ്പര്‍ 12165/സി.എം.ഡി.ആര്‍.എഫ്./14/എം.(ആര്‍ &സി) അനുവദിച്ച മൂവായിരം രൂപ എന്നത്തേക്ക് ലഭ്യമാക്കാന്‍ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) അനുവദിച്ച തുക വിതരണം ചെയ്യുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) അങ്കമാലി നിയോജക മണ്ഡലത്തിലെ കറുകുറ്റി വില്ലേജില്‍ പള്ളിപ്പാട് വീട്ടില്‍ റോസിലി പൗലോസ് ടിയാളുടെ ഭര്‍ത്താവ് അപകടത്തില്‍ മരിച്ചതിനോടനുബന്ധിച്ച് ദുരിതാശ്വാസ നിധിയില്‍ നിന്ന് തുക അനുവദിച്ച് കിട്ടുന്നതിനായി 6.5.2013-ല്‍ സമര്‍പ്പിച്ച നിവേദനം മുഖ്യമന്ത്രിയുടെ ഓഫീസില്‍ നിന്നും 3538/VIP/CM/2013 നമ്പര്‍ കത്ത് പ്രകാരം റവന്യൂ വകുപ്പിന് നല്‍കിയിട്ടും തുക ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഇവർക്ക് എന്നത്തേക്ക് ദുരിതാശ്വാസ നിധിയിൽ നിന്ന് തുക നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിന് കെട്ടിടം നിർമ്മിക്കാൻ ഭൂമി കൈമാറുന്നത്

2571. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി. വകുപ്പിന്റെ വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിന് കെട്ടിടം നിർമ്മിക്കാൻ വടക്കഞ്ചേരി പഞ്ചായത്തിലെ റവന്യൂ പുറമ്പോക്ക് (ബ്ലോക്ക് നമ്പർ 45-ൽ റീ സർവ്വേ 28/1, 28/2 ൽ 185 സെന്റ് ഭൂമി) വിട്ടുനൽകണമെന്ന ആവശ്യത്തിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഭൂമി കൈമാറുന്നതിന് ജില്ലാ ഭരണകൂടം ആവശ്യമായ രേഖകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഭൂമി കൈമാറുന്നതിനുള്ള തടസ്സങ്ങൾ നീക്കി എത്രയും വേഗം ഭൂമി കൈമാറാനുള്ള നടപടികൾ സ്വീകരിക്കുമോ?

വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ

2572. ശ്രീ.തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കെടുതിയെ തുടർന്നുള്ള വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയെന്ത് ;

(ബി) വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ ; മഴയെ തുടർന്നുള്ള വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനുമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ;

(സി) ഇത് സംബന്ധിച്ച് കർമ്മപരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ചാത്തന്നൂർ താലൂക്ക് രൂപീകരണം

2573. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ കേന്ദ്രമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിരുന്നുവോ ;

(ബി) ഇതുമായി ബന്ധപ്പെട്ട അപേക്ഷ ലഭിച്ചിരുന്നോ ;

(സി) ഈ സർക്കാരധികാരമേറ്റശേഷം പ്രസ്തുത ആവശ്യം പരിഗണിക്കാതിരുന്നത് എന്ത് കൊണ്ടാണ് ; വ്യക്തമാക്കുമോ ?

(ഡി) ഈ സർക്കാർ പുതുതായി താലൂക്കുകൾ അനുവദിച്ചത് ഏതെങ്കിലും പഠനത്തിന്റെയോ

പരിശോധനയുടെയോ അടിസ്ഥാനത്തിലാണോ ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ;

(ഇ) ചാത്തന്നൂർ താലൂക്ക് രൂപീകരണം എന്ന ന്യായമായ ആവശ്യം സാദ്ധ്യമാക്കുവാൻ തയ്യാറാകുമോ ; എങ്കിൽ എന്നത്തേക്ക് താലൂക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

## ഭൂമിതട്ടിപ്പ് കേസ്സുകളും റവന്യൂ ഉദ്യോഗസ്ഥരും

2574. ശ്രീ.ഇ.പി.ജയരാജൻ

,, എസ്.ശർമ്മ

,, വി.ചെന്താമരാക്ഷൻ

,, ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാജരേഖ ചമച്ച് ഭൂമി തട്ടിയെടുക്കുന്നതിന് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ സഹായം നൽകുന്നതുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷിക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ടോ ;പരിശോധിക്കുമോ ;

(ബി) ശ്രീ.സലിംരാജ് ഉൾപ്പെട്ട കടകമ്പള്ളി, കളമശ്ശേരി ഭൂമി തട്ടിപ്പുകേസ്സിൽ കൂട്ടുനിന്ന റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ ആരെല്ലാമാണ് ; ഇവരുടെ പേരിൽ വകുപ്പുതലത്തിൽ നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു ;

(സി) ഇതിന്റെ ഭാഗമായി ഏതെല്ലാം ഉദ്യോഗസ്ഥരുടെ പേരിലാണ് നടപടി സ്വീകരിച്ചിട്ടുള്ളത് ; ഇവർ വകുപ്പിൽ തന്നെ ജോലിയിൽ തുടരുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) കളമശ്ശേരി ഭൂമി തട്ടിപ്പുകേസ്സിൽ ശ്രീ.സലിംരാജിനൊപ്പം സി.ബി.ഐ. അറസ്റ്റ് ചെയ്ത റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ ആരെല്ലാം ; ഇവർ നിലവിൽ ഏതെല്ലാം ഓഫീസുകളിലാണ് ജോലി ചെയ്യുന്നത് ; ഇവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

## തിരുവാഭരണപ്പാത

2575. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവാഭരണപ്പാതയുമായി ബന്ധപ്പെട്ട് എവിടം മുതൽ എവിടംവരെയാണ് സർക്കാർ ഭൂമിയുള്ളത് ; ഇത് ഏതൊക്കെ പഞ്ചായത്തിലാണെന്നു പറയാമോ ; എത്ര ഭൂമിയാണ് ആകെയുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) തിരുവാഭരണപ്പാതയിൽ എവിടെയെങ്കിലും കൈയ്യേറ്റം നടന്നിരുന്നോ ; എങ്കിൽ ഏതൊക്കെ വില്ലേജുകളിൽ എത്ര ഭൂമി ഇത്തരത്തിൽ കൈയ്യേറ്റം ചെയ്യപ്പെട്ടിരുന്നുവെന്ന് അറിയിക്കാമോ ;

(സി) ഏതൊക്കെ വില്ലേജുകളിലെ കൈയ്യേറ്റമാണ് ഒഴിപ്പിച്ചിട്ടുള്ളത് ; ഇതിലൂടെ എത്ര ഭൂമി വീണ്ടുകിട്ടി; വ്യക്തമാക്കാമോ ;

(ഡി) ഇനി പാതയുടെ ഏതെങ്കിലും ഭാഗത്ത് കൈയ്യേറ്റം ഒഴിപ്പിക്കാനുണ്ടോ ; എങ്കിൽ എവിടെ എത്ര

ഭൂമി ഒഴിപ്പിക്കാനുണ്ട് ; ഒഴിപ്പിച്ചെടുക്കാൻ എന്തു നടപടി സ്വീകരിച്ചു ; വിശദമാക്കാമോ ?

തൃക്കരിപ്പൂർ മണ്ഡലത്തിൽ ഉൗക്കു പാലങ്ങൾ

2576. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ വകുപ്പ് മുഖേന തൃക്കരിപ്പൂർ മണ്ഡലത്തിൽ പണിത രണ്ട് ഉൗക്കു പാലങ്ങളിൽ ഒന്ന് തകർന്നതും രണ്ടാമത്തേത് പണി നിർത്തിവച്ചതുമായ നടപടി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പാലങ്ങൾ പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; പാലം തകർന്നതു സംബന്ധിച്ച അന്വേഷണങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഓപ്പറേഷൻഅനന്ത

T 2577. **ശ്രീ.എം.ഉമ്മർ**

**,,** സി.മമ്മൂട്ടി

**,,** കെ.എം.ഷാജി

**,,** അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "ഓപ്പറേഷൻ അനന്ത" സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ജല നിർഗ്ഗമന മാർഗ്ഗങ്ങൾ, ജല സംഭരണ കുളങ്ങൾ, ഉറവകൾ എന്നിവയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും, ഭാവിയിൽ കയ്യേറി നശിപ്പിക്കാതിരിക്കാനും എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഓരോ നഗരസഭയുടെയും പ്രദേശത്തെ ജല നിർഗ്ഗമന മാർഗ്ഗങ്ങൾ, കുളങ്ങൾ, ഉറവകൾ തുടങ്ങിയവയെ സംബന്ധിച്ച മുൻകാലത്തെ പ്ലാനുകൾ കണ്ടെത്തി ജനങ്ങളുടെ അറിവിലേക്ക് പ്രസിദ്ധപ്പെടുത്തുകയും, കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

2578. **ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി**

**,,** ബെന്നി ബെഹനാൻ

**,,** ടി.എൻ. പ്രതാപൻ

**,,** ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ഒന്നാം ഘട്ടത്തിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം സവിശേഷതകളാണ് പദ്ധതി നടത്തിപ്പിന്റെ രണ്ടാം ഘട്ടത്തിൽ വരുത്തിയിട്ടുള്ളത് ;

(ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ആറളം പുനരധിവാസം</u>

2579. **ശ്രീ.കെ.രാധാകൃഷ്ണൻ**

**,, കെ.വി.വിജയദാസ്**

**,, കെ.കുഞ്ഞിരാമൻ (ഉദുമ)**

**,, എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം അനുവദിച്ച ഭൂമി സംബന്ധിച്ച് വ്യാപകമായ പരാതി ഉയർന്നുവന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ആറളം പുനരധിവാസ മേഖലയിൽ ഭൂരഹിതർക്കായി ഭൂമി അനുവദിക്കുകയുണ്ടായോ;

(സി) ഈ പ്രദേശത്തെ പട്ടികവർഗ്ഗമേഖലയായി പ്രഖ്യാപിക്കുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ആയതുകാരണം ഈ പ്രദേശത്തെ ഭൂമി വിതരണം കോടതി തടഞ്ഞിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലും, ഈ പദ്ധതി പ്രകാരം അനുവദിച്ച ഭൂമി കണ്ടെത്താൻ കഴിയാത്തതും, കണ്ടെത്തിയ ഭൂമി ഉപയോഗശൂന്യമായതും കാരണം ഭൂമിക്ക് അർഹരായവർ കബളിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>വെള്ളരിക്കുണ്ട്, മഞ്ചേശ്വരം താലൂക്കുതല ഓഫീസുകൾ</u>

2580. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിച്ച വെള്ളരിക്കുണ്ട്, മഞ്ചേശ്വരം താലൂക്കുകളിൽ ഏതൊക്കെ താലൂക്കുതല ഓഫീസുകളാണ് ഇനിയും ആരംഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ; ഇവ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഭൂരഹിതരായവർക്കു ഭൂമി ലഭ്യമാക്കുന്ന പദ്ധതി</u>

2581. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായവർക്കു ഭൂമി ലഭ്യമാക്കുന്ന പദ്ധതി പ്രകാരം കൊട്ടാരക്കര താലൂക്കിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന വില്ലേജുകളിൽ എത്ര ഗുണഭോക്താക്കൾക്ക് നാളിതുവരെ ഭൂമി നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഗുണഭോക്താക്കളുടെ പേരുവിവരവും അവർക്ക് ലഭ്യമാക്കിയ ഭൂമിയുടെ വിസ്തൃതിയും വിശദമാക്കാമോ:

(സി) പ്രസ്തുത ഗുണഭോക്താക്കൾക്ക് ലഭിച്ച ഭൂമിയിൽ ഭവനനിർമ്മാണത്തിന് സാധ്യമല്ലാത്ത ഭൂമിയുണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

<u>ചാലക്കുടിപ്പുഴയുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായുള്ള അപേക്ഷ</u>

2582. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ചാലക്കുടിപ്പുഴയുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്നും നിർമ്മാണപ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ;

<u>പള്ളിക്കമണ്ണടിപാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി</u>

2583. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട മീനാട്, ആദിച്ചനെല്ലൂർ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട പള്ളിക്കമണ്ണടിപാലം അപ്രോച്ച് റോഡ് നിർമ്മാണ ആവശ്യത്തിലേക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ എന്നാണ് ആരംഭിച്ചത്; ഇപ്പോൾ എത്ര വർഷമായി;

(ബി) പ്രസ്തുത ആവശ്യത്തിലേക്ക് ഭൂമി ഏറ്റെടുക്കുന്നതിലേക്ക് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) നിലവിൽ ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; അവ പരിഹരിക്കുന്നതിലേക്ക് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തി എന്നത്തേക്ക് ഭൂമി കൈമാറുവാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>പട്ടയ വിതരണം</u>

2584. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കിൽ 1/7/2006 മുതൽ 31/5/2015 വരെ ഏതെല്ലാം വില്ലേജിലെ ആർക്കൊക്കെയാണ് മിച്ചഭൂമി അനുവദിച്ചു നൽകിയത് ; എത്ര പേർക്ക് ഭൂമി നൽകി എന്ന് വില്ലേജാടിസ്ഥാനത്തിലുള്ള പട്ടിക പ്രസിദ്ധീകരിക്കാമോ ;

(ബി) മിച്ച ഭൂമി അനുവദിച്ച് നൽകിയവർക്കെല്ലാം പട്ടയം നൽകുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(സി) പട്ടയം കിട്ടാത്തവർക്ക് ആയത് എന്ന് നൽകാൻ കഴിയുമെന്ന് അറിയിയ്ക്കാമോ ?

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

2585. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം എത്ര പേർക്ക് ഭൂമി നൽകിയെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; ഇതിൽ എത്ര പേർക്ക് പട്ടയം ലഭിച്ച് ഭൂമി സ്വന്തമായി ;

(ബി) എങ്ങനെ ലഭ്യമായ ഭൂമിയാണ് വിതരണം ചെയ്തത്; ഈ പദ്ധതിക്കായി ലഭ്യമായ ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) നൽകിയ ഭൂമി വാസയോഗ്യമല്ലാത്തതാണെന്നും , പട്ടയം ലഭിച്ചില്ലെന്നും കാണിച്ച് എത്ര പരാതി ലഭിച്ചുവെന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ ?

ലാന്റ് ട്രൈബ്യൂണലുകളിലെ തീർപ്പാക്കാനുള്ള അപേക്ഷകൾ

2586. ശ്രീ.എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിവിധ ലാന്റ് ട്രൈബ്യൂണലുകളിലൂടെ കഴിഞ്ഞ ആറ് മാസത്തിനിടയിൽ എത്ര പട്ടയങ്ങൾ അനുവദിച്ചു ;

(ബി) പ്രസ്തുത ജില്ലയിലെ ലാന്റ് ട്രൈബ്യൂണലുകളിൽ 31.3.15 വരെയുള്ള കാലയളവിൽ എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളത് ;

(സി) ഇവ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

നഗരൂർ ,നന്തായ്വനം പടിഞ്ഞാറ്റതിൽ വീട്ടിൽ കരുണാകരന്റെ പരാതി

2587. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂർ, നന്തായ്വനം പടിഞ്ഞാറ്റതിൽ വീട്ടിൽ കരുണാകരന് ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ അവനവൻചേരിയിൽ പട്ടയമായി ലഭിച്ച ഭൂമി അയൽവാസി കയ്യേറിയതുമായി ബന്ധപ്പെട്ട് നൽകിയ പരാതിയിന്മേൽ നടപടി പൂർത്തിയായിട്ടുണ്ടോ;

(ബി) ചിറയിൻകീഴ് താലൂക്കാഫീസിൽ കെ 6-31799/14 ആയി രജിസ്റ്റർ ചെയ്ത പരാതിയിന്മേൽ അടിയന്തരമായി നടപടി പൂർത്തിയാക്കുമോ?

കാസർഗോഡ് ജില്ലയിൽ റീ സർവ്വേ

2588. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ റീ സർവ്വേ നടപടികൾ ഏതൊക്കെ പ്രദേശങ്ങളിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി ആരംഭിക്കാനുള്ള പ്രദേശങ്ങളേതാണെന്നും വ്യക്തമാക്കാമോ?

<u>ആധാരങ്ങളിൽ പറഞ്ഞതിലധികം അളവ് ഭൂമി</u>

2589. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികൾ കൈവശം വെച്ചുപോരുന്ന ഭൂമി അവരുടെ ആധാരങ്ങളിൽ പറഞ്ഞതിലധികം അളവ് വരുന്നുണ്ടെങ്കിൽ അധികമുള്ള അളവ് ഭൂമി ആധാരത്തിൽ ചേർക്കുന്നതിനായി നിലവിലുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ലീഗൽ മെട്രോളജി വകുപ്പിന്റെ ശാക്തീകരണം</u>

2590. ശ്രീ.എം.പി.വിൻസെൻറ്
,, വർക്കല കഹാർ
,, സി.പി.മുഹമ്മദ്
,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദമാക്കാമോ ;

(ബി) ഇതിനായി വകുപ്പിൽ ഒരുക്കിയിട്ടുള്ള സാങ്കേതിക വിദ്യകൾ എന്തെല്ലാമെന്നറിയിക്കുമോ;

(സി) വകുപ്പിന്റെ ശാക്തീകരണത്തിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

<u>വിലവിവര പട്ടിക പ്രദർശനം</u>

2591. ശ്രീ.ടി.എൻ. പ്രതാപൻ
,, വി.ഡി.സതീശൻ
,, എം.എ. വാഹീദ്
,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകൾ ഉൾപ്പെടെയുള്ള കച്ചവട സ്ഥാപനങ്ങളിൽ വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നത് കർശനമാക്കിയിട്ടുണ്ടോ ;

(ബി) വിലവിവര പട്ടിക പ്രദർശനത്തിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത ഹോട്ടലുകൾ ഉൾപ്പെടെയുള്ള കച്ചവട സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം ശിക്ഷകളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;

ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

## കയർ യന്ത്ര നിർമ്മാണ ഫാക്ടറി

2592. ശ്രീ.എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയെ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴയിൽ ആരംഭിച്ച യന്ത്ര നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്താറുണ്ടോ;

(ബി) പച്ച തൊണ്ട് തല്ലുന്ന മെഷീൻ നിർമ്മാണ - വിതരണത്തിൽ വേണ്ടത്ര ജാഗ്രതയും വേഗതയും ഉണ്ടാകുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏറ്റവും പുതുതായി വികസിപ്പിച്ചെടുത്തതും, ചകിരിനാര് മുറിഞ്ഞുപോകാത്തതുമായ എത്ര യന്ത്രം നിർമ്മാണം പൂർത്തീകരിച്ച് വിതരണത്തിന് തയ്യാറായിട്ടുണ്ട്;

(ഡി) പ്രസ്തുത യന്ത്രം വിതരണം ചെയ്യുന്നതിന് തെരഞ്ഞെടുക്കപ്പെടുന്നതിന്റെ മാനദണ്ഡം എന്താണ്; ഇതുവരെ എത്ര അപേക്ഷകൾ വന്നിട്ടുണ്ട്; അതിൽ വ്യക്തികൾ എത്ര; ആരെല്ലാം; സഹകരണ സ്ഥാപനങ്ങൾ എത്ര; ഏതെല്ലാം; വിശദമാക്കുമോ;

(ഇ) യുവാക്കൾക്കും, പുതിയതായി വരുന്ന സംഘങ്ങൾക്കും യന്ത്രം ലഭ്യമാക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ?

## കയർ മേഖലയിലെ ആഭ്യന്തര വിപണി

2593. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
**,,** കെ.മുരളീധരൻ
**,,** സണ്ണി ജോസഫ്
**,,** ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ ആഭ്യന്തര വിപണിയുടെ സാദ്ധ്യത ഉപയോഗപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ;

(ബി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് കയർ ഉൽപ്പാദകർക്കും വ്യാപാരികൾക്കും എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) എത്ര കോടി രൂപയുടെ ആഭ്യന്തര വിപണി കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;വിശദമാക്കുമോ?

## കയർ വകുപ്പിൻ കീഴിലെ പദ്ധതികൾ

2594. ശ്രീ.എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കയർ വകുപ്പിൻ കീഴിൽ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കാൻ കഴിയാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനുള്ള കാരണങ്ങൾ എന്തായിരുന്നു?

## കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിപണനം

2595. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറും കയറുൽപ്പന്നങ്ങളും വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നുണ്ടോ; എങ്കിൽ ഏതെല്ലാം രാജ്യങ്ങളിലേക്കാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിൽ നിന്നും എത്ര രൂപയുടെ വരുമാനമുണ്ടായി വർഷം തിരിച്ച് വിശദമാക്കുമോ ;

(സി) വിദേശ കയറ്റുമതിക്കുപുറമേ സംസ്ഥാനത്തിനകത്തുനിന്നും മറ്റു സംസ്ഥാനങ്ങളിൽനിന്നും ഓരോ വർഷവും കയർ, കയറുൽപ്പന്ന വിപണനത്തിലൂടെ എത്ര തുക സമാഹരിക്കുവാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

## കയർത്തൊഴിലാളി ക്ഷേമനിധി

2596. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർത്തൊഴിലാളി ക്ഷേമ നിധിയിൽ അംഗങ്ങളായിട്ടുള്ളവരുടെ എണ്ണമെത്രയാണ് ;

(ബി) ക്ഷേമനിധി ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പെൻഷന് അർഹരായവരെത്ര ; പെൻഷൻ കുടിശ്ശിക നൽകാനുണ്ടോ ; എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും ആകെ എത്ര തുകയാണ് കുടിശ്ശികയായി നൽകാനുള്ളതെന്നും അറിയിക്കുമോ ?

## ഒരു രൂപയ്ക്ക് അരി പദ്ധതി

2597. **ശ്രീ.എം.എ. വാഹീദ്**

**,,** ബെന്നി ബെഹനാൻ

**,,** ഐ.സി.ബാലകൃഷ്ണൻ

**,,** പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു രൂപയ്ക്ക് അരി' പദ്ധതിയുടെ പ്രയോജനം ഏതെല്ലാം വിഭാഗക്കാർക്കാണ് ലഭിച്ചുകൊണ്ടിരിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ ആളുകളെ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>മെഗാ ഫുഡ് പാർക്ക് പദ്ധതി</u>

2598. ശ്രീ.തോമസ് ഉണ്ണിയാടൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ മെഗാ ഫുഡ് പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഫുഡ് പാർക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഫുഡ് പാർക്കുകൾ ആരംഭിക്കുന്നത് എവിടെയെല്ലാമാണെന്ന് വിശദീകരിക്കാമോ?

<u>എൻഡ്ടു ടു എൻഡ് പദ്ധതി</u>

2599. ശ്രീ.സണ്ണി ജോസഫ്

,, അൻവർ സാദത്ത്

,, പി.എ.മാധവൻ

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വിതരണത്തിനായി എൻഡ്ടു ടു എൻഡ് പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) റേഷൻ വിതരണത്തിന് പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഭക്ഷ്യ സുരക്ഷാ നിയമം</u>

2600. ശ്രീ.കെ.ശിവദാസൻ നായർ

,, എം.പി.വിൻസെൻറ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന റേഷൻ വിതരണം സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത നിയമം നടപ്പാക്കാതിരിക്കാൻ കണ്ടെത്തിയ കാരണങ്ങൾ വിശദമാക്കുമോ

;

(സി) ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന റേഷൻ സമ്പ്രദായം അതേപടി നടപ്പാക്കാൻ എന്തെല്ലാം ബുദ്ധിമുട്ടുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ?

<u>മാവേലി സ്റ്റോറുകൾ</u>

2601. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, കെ.കെ.ജയചന്ദ്രൻ

,, ബാബു എം. പാലിശ്ശേരി

,, പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന മാവേലി സ്റ്റോറുകളുടെ എണ്ണമെത്രയായിരുന്നു ; സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ എത്രയായിരുന്നു ;

(സി) സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ഉൾപ്പെടെ നിലവിൽ എത്ര മാവേലി സ്റ്റോറുകൾ ഉണ്ടെന്ന് അറിയിക്കാമോ ;

(ഡി) സബ്സിഡി ഇനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവും ഗുണനിലവാരമില്ലാത്ത ഉൽപ്പന്നങ്ങളുടെ വിപണനവും മാവേലി സ്റ്റോറുകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) വിപണനത്തിന് സാധനങ്ങൾ ലഭിക്കാതെയുള്ള മിക്ക മാവേലി സ്റ്റോറുകളുടെയും അവസ്ഥ ജനജീവിതം ദുസ്സഹമാക്കിയിട്ടുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ ?

<u>മാവേലി സ്റ്റോറുകളിലെയും സപ്ലൈകോ സ്റ്റോറുകളിലെയും സാധന വില</u>

2602. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മാവേലി സ്റ്റോറുകളിലെയും സപ്ലൈകോ സ്റ്റോറുകളിലെയും സാധനങ്ങളുടെ വില വിവരപ്പട്ടിക എപ്രകാരമായിരുന്നുവെന്ന് വിശദമാക്കാമോ ;

(ബി) 2015 മെയ് മാസത്തിൽ മാവേലി സ്റ്റോറുകളിലെയും സപ്ലൈകോ സ്റ്റോറുകളിലെയും സാധനങ്ങളുടെ വില വിവരപ്പട്ടിക എപ്രകാരമായിരുന്നുവെന്ന് വിശദമാക്കാമോ ;

(സി) ഇതിൽ ഏതെങ്കിലും സാധനത്തിന് നൂറ് ശതമാനം വിലവർദ്ധനവ് വരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>കേന്ദ്ര വിഹിതം വെട്ടിക്കുറച്ചത്</u>

2603. ശ്രീ.കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അരി , ഗോതമ്പ് , മണ്ണെണ്ണ എന്നിവയുടെ വിഹിതം വെട്ടിക്കുറച്ചത് മൂലമുണ്ടാകുന്ന കുറവ് നികത്താൻ സ്വീകരിച്ചിട്ടുള്ള അടിയന്തിര വിപണി ഇടപെടൽ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രത്തിൽ നിന്നും ആവശ്യ സാധനങ്ങൾക്ക് അഡ്ഹോക്ക് അലോട്ട്മെന്റ് നേടിയെടുക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>സബ്സിഡി സാധനങ്ങൾ ലഭിക്കാത്തതിന്റെ കാരണങ്ങൾ</u>

2604. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ അടക്കമുള്ള സ്ഥാപനങ്ങളിൽ സബ്സിഡി സാധനങ്ങൾ ലഭിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

<u>കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലേക്ക് പഞ്ചസാര</u>

2605. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് നേരത്തെ അനുവദിച്ചിരുന്ന പഞ്ചസാര, 2013 ഡിസംബർ മുതൽ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റ് ത്വക്ക് രോഗാശുപത്രികളിലെ അന്തേവാസികൾക്ക് പഞ്ചസാര നൽകുമ്പോൾ കൊരട്ടി ഗാന്ധിഗ്രാമിലെ അന്തേവാസികൾക്ക് മാത്രം നിഷേധിക്കുന്നു എന്നതു സംബന്ധിച്ച പേഷ്യന്റ്സ് സൊസൈറ്റിയുടെ പരാതി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>വിരമിച്ച ഉദ്യോഗസ്ഥരുടെ നിയമനം</u>

2606. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരെ വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും സ്ഥാപനത്തിലോ പദ്ധതിയിലോ നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അപ്രകാരം നിയമിച്ച ഉദ്യോഗസ്ഥരുടെ പേരും അവർ വഹിച്ചിരുന്ന തസ്തികയും നിയമനം നൽകിയ തസ്തികയും ശമ്പളവും വിശദമാക്കുമോ ;

(സി) ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് പുതുതായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി ജീവനക്കാരെ പ്രത്യേകം നിയമിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേരെ നിയമിച്ചുവെന്നും

ഇതിൽ വകുപ്പിൽ നിന്നും വിരമിച്ച എത്ര പേരെ നിയമിച്ചുവെന്നും അറിയിക്കുമോ ; എത്രപേരെ നേരിട്ട് നിയമിച്ചു ; വ്യക്തമാക്കുമോ ?

<u>പുതുക്കിയ റേഷൻ കാർഡ്</u>

2607. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗം, പൊതുവിഭാഗം എന്നിങ്ങനെ വേർതിരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഓരോ വിഭാഗത്തിലുംപെട്ട റേഷൻ കാർഡുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

<u>പാമോയിൽ ഇറക്കുമതി</u>

T 2608. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമോയിൽ ഇറക്കുമതി കേസ്സിൽ പാമോയിൽ ഇറക്കുമതി നടപടി തെറ്റായിപ്പോയി എന്ന ചീഫ് സെക്രട്ടറിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ?

<u>നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം</u>

2609. **ശ്രീ.വി.എസ്.സുനിൽ കുമാർ**

**,,** കെ.രാജു

**,,** ചിറ്റയം ഗോപകുമാർ

ശ്രീമതി.ഗീതാ ഗോപി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ 2011-ലെയും 2015-ലെയും വിലകൾ തമ്മിൽ താരതമ്യം ചെയ്ത കണക്ക് ലഭ്യമാക്കുമോ;

(ബി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പച്ചക്കറിയുടെ വിലക്കയറ്റത്തിനും ഇടയാക്കിയിട്ടുണ്ടോ ?

<u>നെല്ലിൻെറ സംഭരണ വില</u>

T 2610. ശ്രീ.എം.ചന്ദ്രൻ

**,,** സി.കെ സദാശിവൻ

**,,** പുരുഷൻ കടലുണ്ടി

**,,** കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്നും നിലവിൽ നെല്ല് സംഭരിക്കുന്നത് എന്ത് തുകയ്ക്കാണ് ; ഇത് ഉല്പാദന ചെലവുമായി താരതമ്യം ചെയ്യുമ്പോൾ തുലോം കുറവാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെല്ലിൻെറ സംഭരണ വില വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം പരിഗണിക്കുമോ ;

(സി) ഉല്പാദനച്ചെലവിന് അനുസൃതമായി സംഭരണവില നിശ്ചയിക്കുവാൻ തയ്യാറാകുമോ ?

<u>പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്</u>

2611. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് നൽകാൻ നിലവിൽ സംവിധാനമുണ്ടോ ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ ?

<u>സപ്ലൈകോയിലെ ജീവനക്കാർ</u>

2612. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷനിങ് ഇൻസ്പെക്ടറെ മാവേലി സ്റ്റോറുകളിൽ നിയമിക്കുന്നതു സംബന്ധിച്ച് ജീവനക്കാരുടെ ഇടയിൽ നിലനിൽക്കുന്ന പരാതി പരിഹരിക്കുന്ന കാര്യം സപ്ലൈകോ ആലോചിക്കുമോ;

(ബി) സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ അവസാനിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കുവാൻ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; ആയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഇതിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച് ഓപ്ഷൻ നൽകുന്ന കാര്യം പരിശോധിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) സപ്ലൈകോയിലെ ദിവസവേതന ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ; ഇവർക്ക് മിനിമം കൂലി നൽകുന്നുണ്ടോ ; ഇവർക്ക് ഇ.പി.എഫ് ആനുകൂല്യം സംബന്ധിച്ച് സപ്ലൈകോ നിലപാട് വ്യക്തമാക്കാമോ;

(ഇ) ദിവസവേതനക്കാരെ കോൺട്രാക്ട് ജീവനക്കാരായി മാറ്റുന്ന കാര്യം സപ്ലൈകോയുടെ പരിഗണനയിലുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്ര അസി. സെയിൽസ് മാൻ മാരെ നിയമിച്ചു എന്നറിയിക്കാമോ; പി.എസ്.സി ലിസ്റ്റ് ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; ഇപ്പോൾ എത്ര അസി. സെയിൽസ്മാൻ ഒഴിവ് നിലവിലുണ്ട് ; ജില്ല തിരിച്ചുള്ള വിവരം അറിയിക്കാമോ?

<u>പാരിപ്പള്ളി കേന്ദ്രമാക്കി പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോർ</u>

2613. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പാരിപ്പള്ളി കേന്ദ്രമാക്കി പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിരുന്നുവോ;

(ബി) എങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(സി) ആയതിന്റെ പ്രാരംഭ നടപടികൾ സ്വീകരിക്കേണ്ടത് ആരാണ്;

(ഡി) സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം തുടങ്ങാനിരിക്കുന്ന ഈ പ്രദേശത്ത് മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് കാലതാമസം വരുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മെഡിക്കൽ സ്റ്റോർ ആരംഭിക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

<u>റേഷൻകടകളുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം</u>

2614. ശ്രീ.സണ്ണി ജോസഫ്

,, ജോസഫ് വാഴയ്ക്കൻ

,, പി.എ.മാധവൻ

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

<u>തിരുവനന്തപുരം നഗരത്തിലെ ഗ്യാസ് വിതരണത്തിലെ കൃത്രിമം</u>

2615. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ഗ്യാസ് ഏജൻസികൾ ഗ്യാസ് വിതരണത്തിൽ വൻതോതിൽ കൃത്രിമം കാണിയ്ക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുമോ ;

(ബി) എത്ര ഗ്യാസ് ഏജൻസികൾ തിരുവനന്തപുരം നഗരത്തിൽ പ്രവർത്തിച്ചുവരുന്നു ; ഓരോ ഏജൻസിക്കും എത്ര കൺസ്യൂമേഴ്സ് ഉണ്ട് ;

(സി) സ്ഥിരമായി സിറ്റിയിൽ താമസിക്കാത്തതും എന്നാൽ കൺസ്യൂമറായി തുടരുന്നവരുമായിട്ടുള്ളവരുടെ പേരിൽ ഗ്യാസ് ഏജൻസികൾ തന്നെ ഗ്യാസ് ബുക്ക് ചെയ്യുന്നതും അത് കരിഞ്ചന്തയിൽ മറിച്ച് വിൽക്കുന്നതുമായ സ്ഥിതി വിശേഷം അന്വേഷണ

വിധേയമാക്കാമോ ;

(ഡി) ഗ്യാസ് വിതരണത്തിൽ ഏജൻസികൾ ക്രമരഹിതമായി പ്രവർത്തിക്കുന്നതിനെ നിയന്ത്രിക്കാനും നിരീക്ഷിക്കാനും സംവിധാനം ഉണ്ടോ ; ഏതെല്ലാം ഏജൻസികളുടെ നിയമവിരുദ്ധ പ്രവർത്തനങ്ങളിന്മേൽ നടപടി സ്വീകരിക്കുകയുണ്ടായിട്ടുണ്ട് ;

## സിവിൽസപ്ലൈസ് കോർപ്പറേഷന്റെ വിപണി ഇടപെടൽ പദ്ധതി

2616. ശ്രീ.സണ്ണി ജോസഫ്

,, അൻവർ സാദത്ത്

,, ബെന്നി ബെഹനാൻ

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽസപ്ലൈസ് കോർപ്പറേഷൻ വിപണി ഇടപെടൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) എന്തെല്ലാം സാധനങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ വിതരണം ചെയ്യാനുദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്തുമോ;

(സി) ഗുണമേന്മയുള്ള സാധനങ്ങൾ കുറഞ്ഞ വില നിരക്കിൽ നൽകാൻ പ്രസ്തുത പദ്ധതിയിലൂടെ സൗകര്യമൊരുക്കുമോ ?

## നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവ്.

2617. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2010-11 വർഷം നിത്യോപയോഗസാധനങ്ങൾ തുടങ്ങി വിവിധ ഭക്ഷ്യോല്പന്നങ്ങൾ, ഹോട്ടൽ ഭക്ഷണവസ്തുക്കൾ എന്നിവയുടെ വിപണിവില (വില്പനവില) എത്രയെന്നും 2015 ജൂൺ മാസം പ്രസ്തുത വില എത്രയെന്നും വ്യക്തമാക്കുമോ;

(ബി) 2010-11 വർഷത്തിനുശേഷം 2015 ജൂൺ വരെയുള്ള കാലയളവിൽ ഇവയിൽ വന്നിട്ടുള്ള വിലവർദ്ധനവ് എത്ര; ഇതിനുള്ള കാരണം ലഭ്യമാക്കുമോ;

(സി) വില നിയന്ത്രണങ്ങൾക്കായി ഏർപ്പെടുത്തിയ നടപടിക്രമങ്ങളുടെ ഭാഗമായി എത്ര വിലകുറയ്ക്കാൻ കഴിഞ്ഞു എന്നും വ്യക്തമാക്കുമോ;

(ഡി) ഭക്ഷ്യവകുപ്പിൻ കീഴിൽ പൊതുജനങ്ങൾക്കായി ന്യായവിലയിൽ നൽകുന്ന ഉല്പന്നങ്ങൾ എന്തെല്ലാം; അവയുടെ വില എത്ര; ഇത് ആവശ്യക്കാരായവർക്ക് എത്ര ശതമാനം നിലവിൽ ലഭിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) ഉപഭോക്താക്കൾക്ക് അരി മുതൽ മറ്റു നിത്യോപയോഗസാധനങ്ങൾ ഏതെല്ലാം സ്ഥാപനങ്ങൾ വഴി എത്ര വില ഈടാക്കി നൽകുന്നു എന്ന് (2015-16 ജൂൺ നിലവാരമനുസരിച്ച്) വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(എഫ്) ഈ സർക്കാർ കാലയളവിൽ പ്രവർത്തനമാരംഭിച്ച നന്മ സ്റ്റോറുകൾ എത്ര; ഇവയ്ക്കു നൽകിയ

സർക്കാർ സഹായം എത്ര ; ഇപ്പോൾ എത്ര എണ്ണം പ്രവർത്തിക്കുന്നു; പുതിയവ എത്ര; 2010-11 മുതൽ 2015 ജൂൺ വരെയുള്ള കണക്ക് ലഭ്യമാക്കുമോ?

<u>പാചകവാതക വിതരണത്തിലെ കാലതാമസം</u>

2618. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ പാചകവാതക വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പാചകവാതക വിതരണം യഥാസമയത്തു സുതാര്യമായി നടപ്പാക്കുന്നതിന് ജനപ്രതിനിധികളെയും ഉണഭോക്താക്കളെയും വിതരണക്കാരേയും ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തിക്കൊണ്ട് പരാതി പരിഹാരത്തിനും മോണിറ്റർ ചെയ്യുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പാചകവാതക വിതരണം യഥാസമയം നടക്കുന്നതിനായി നിലവിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദീകരിക്കാമോ;

(ഡി) പാചകവാതകം യഥാസമയം ലഭിക്കാത്തതു സംബന്ധിച്ച് പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട് എന്നീ പഞ്ചായത്തുകളിലെ താമസക്കാരിൽ നിന്നും കഴിഞ്ഞ ആറുമാസക്കാലയളവിൽ എത്ര പരാതികളാണ് ലഭിച്ചതെന്നും സ്വീകരിച്ച തുടർനടപടിയെന്തെന്നും വിശദീകരിക്കാമോ?

<u>പാചകവാതക വിതരണത്തിലെ തടസ്സങ്ങൾ</u>

2619. **ശ്രീ.സി.പി.മുഹമ്മദ്**

**,,** അൻവർ സാദത്ത്

**,,** എ.റ്റി.ജോർജ്

**,,** എ.പി.അബ്ദുള്ളക്കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചക വാതക ടാങ്കർ തൊഴിലാളികളുടെയും ഗ്യാസ് ഫില്ലിംഗ് തൊഴിലാളികളുടെയും സമരം കാരണം പാചകവാതക വിതരണം പലപ്പോഴും തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പാചക വാതക ഫില്ലിംഗ്, വിതരണ ജോലികൾ അവശ്യസർവ്വീസായി പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ;

(സി) പാചക വാതക സിലിണ്ടറിന്റെ വിതരണത്തിലുള്ള ക്രമക്കേടുകൾ പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ?

<u>സഹകരണ സംഘങ്ങൾക്ക് സ്ഥലം വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്</u>

2620. **ശ്രീ.കെ.മുരളീധരൻ**

**,,** വി.റ്റി.ബൽറാം

,, എ.പി.അബ്ദുള്ളക്കുട്ടി

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾക്ക് അവയുടെ സ്വന്തം ബിസിനസ് ആവശ്യാർത്ഥം സ്ഥലം വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കാറുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) രജിസ്ട്രേഷൻ വകുപ്പിലെ പല സബ് രജിസ്ട്രാർമാരും സ്ഥലം രജിസ്റ്റർ ചെയ്യാൻ അനുവദിക്കാതെ ആധാരം ഇംപൗണ്ട് ചെയ്യുകയോ സ്റ്റാമ്പ് ഡ്യൂട്ടി പിഴ പലിശ സഹിതം ആവശ്യപ്പെടുകയോ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സഹകരണ സംഘങ്ങൾക്ക് അവയുടെ സ്വന്തം ബിസിനസ്സ് ആവശ്യാർത്ഥം സ്ഥലം വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകണമെന്ന നിബന്ധന കൃത്യമായി പാലിക്കാൻ എല്ലാ സബ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകുമോ?

## ആധാരങ്ങളുടെ ഓൺ ലൈൻ രജിസ്ട്രേഷൻ

2621. ശ്രീ.കെ.രാധാകൃഷ്ണൻ

,, വി.ശിവൻകുട്ടി

,, എ.എം. ആരിഫ്

,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാരങ്ങളുടെ രജിസ്ട്രേഷൻ ഓൺ ലൈൻ വഴി ആക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) എത്ര സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇതിനകം ഓൺലൈൻ രജിസ്ട്രേഷൻ നടപ്പാക്കാനായി എന്ന് അറിയിക്കാമോ; ഇതിന്റെ നടപടിക്രമം വിശദമാക്കാമോ;

(സി) ഓൺലൈൻ രജിസ്ട്രേഷൻ നടപ്പാക്കിയ സബ് രജിസ്ട്രാർ ഓഫീസുകളിലെ വസ്തു രജിസ്ട്രേഷൻ സംബന്ധിച്ച് വ്യാപകമായ പരാതി ഉയർന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഓൺ ലൈൻ രജിസ്ട്രേഷന് കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളുടെ കുറവും, ഉദ്യോഗസ്ഥർക്ക് മതിയായ പരിശീലനം നൽകാത്തതും രജിസ്ട്രേഷൻ നടപടികളിൽ അപാകതകൾ ഉണ്ടാകുന്നതിന് കാരണമായിട്ടുണ്ടോ; ഇത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ബജറ്റ് വിഹിത വിനിയോഗം

2622. ശ്രീ.വർക്കല കഹാർ

,, തേറമ്പിൽ രാമകൃഷ്ണൻ

,, വി.ഡി.സതീശൻ

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) ബജറ്റ് വിഹിതത്തിൽ കൂടുതൽ തുക ചെലവഴിച്ചുകൊണ്ട് പൊതുമരാമത്ത് രംഗത്ത് നേട്ടം കൈവരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ എത്ര ശതമാനം തുക ചെലവഴിച്ചാണ് ഈ നേട്ടം കൈവരിച്ചതെന്നും അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നുവെന്നും വിശദമാക്കാമോ ?

ചാത്തങ്കൈ റെയിൽ ഓവർബ്രിഡ്ജ്

T 2623. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തി ചാത്തങ്കൈ റെയിൽ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന സ്ഥലം എം.എൽ.എ. യുടെ ഹർജിയിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ചെമ്മനാട് ഗ്രാമപഞ്ചായത്ത് സെന്റേജ് ചാർജ് അടച്ച് 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രസ്തുത പ്രവൃത്തി ഡോ.പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ വിട്ടുപോയത് ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഇ-ടെണ്ടറിംഗ് സംവിധാനം

2624. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, കെ.മുരളീധരൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ; പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഈ സംവിധാനം വഴി ലഭ്യമാക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സഹകരിക്കുന്നത് ആരൊക്കെയാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

നഗര റോഡ് വികസന പദ്ധതി

2625. ശ്രീ.വി.റ്റി.ബൽറാം

,, ജോസഫ് വാഴയ്ക്കൻ

,, പാലോട് രവി

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര റോഡ് വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;ഉണ്ടെങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി നേടാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) എല്ലാ നഗരങ്ങളിലേക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

<u>കോർ റോഡ് നെറ്റ് വർക്ക്</u>

2626. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, ഹൈബി ഈഡൻ

,, സി.പി.മുഹമ്മദ്

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "കോർ റോഡ് നെറ്റ് വർക്ക്" പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഏറ്റവും പ്രാധാന്യമുള്ള റോഡുകളെ കണ്ടെത്തി റോഡ് ശൃംഖല വികസിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഇതിനായുള്ള ലോകബാങ്ക് സഹായങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

<u>അയിലം പാലം നിർമ്മാണം</u>

2627. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിലം പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇത് എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>വിവിധ റെയിൽവേ മേൽപാലങ്ങൾ</u>

2628. ശ്രീ.ബാബു എം. പാലിശ്ശേരി

,, സി.കൃഷ്ണൻ

,, കെ. ദാസൻ

,, കെ.കുഞ്ഞിരാമൻ **(**തൃക്കരിപ്പൂർ**) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റെയിൽവേ മേൽപാലങ്ങളുടെ നിർമ്മാണമാണ് ഇപ്പോൾ നടന്നു വരുന്നത്; ഏത് ഏജൻസിയാണ് നടപ്പിലാക്കുന്നത്;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി സംസ്ഥാന സർക്കാർ നൽകാനുള്ള വിഹിതം കുടിശ്ശിക ആയിട്ടുണ്ടോ;

(സി) ഇതു കാരണം പ്രസ്തുത പണികൾ നിർത്തിവയ്ക്കേണ്ടുന്ന സാഹചര്യം ഉടലെടുത്തിട്ടുണ്ടോ;

(ഡി) നിശ്ചിത സമയത്തിനുള്ളിൽ മേൽപ്പാലങ്ങളുടെ പണി പൂർത്തി ആകാതിരുന്നാൽ പണിക്കുള്ള റെയിൽവേ വിഹിതം നഷ്ടമാകും എന്നത് അറിവുള്ളതാണോ?

<u>ലൈറ്റ് മെട്രോ പദ്ധതി</u>

T 2629. ശ്രീ.തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതികളുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; പദ്ധതി സംബന്ധിച്ച തുടർനടപടികൾ വിശദമാക്കാമോ ;

(ബി) പദ്ധതികൾക്ക് ആവശ്യമായ സഹായം നൽകുന്നത് ഏതു ഏജൻസിയാണ് ;

(സി) ലൈറ്റ് മെട്രോ പദ്ധതി പ്രസ്തുത നഗരങ്ങളിലെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് എത്രത്തോളം സഹായകമാകുമെന്ന് വ്യക്തമാക്കാമോ?

<u>മോഡൽ സേഫ്റ്റി കോറിഡോർ</u>

T 2630. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി യുടെ കീഴിൽ ലോകബാങ്കിന്റെ സഹായത്തോടെ കഴക്കൂട്ടം-അടൂർ റോഡ് ഒരു മോഡൽ സേഫ്റ്റി കോറിഡോർ ആയി വികസിപ്പിക്കുമെന്ന 2013ലെ ബജറ്റ് പ്രഖ്യാപനം നടപ്പിൽ വരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) കെ.എസ്.റ്റി.പി യുടെ കീഴിൽ റോഡ്-റെയിൽ-ജലഗതാഗത സംവിധാനങ്ങളെ സംയോജിപ്പിച്ചുകൊണ്ട് ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിരുന്ന മൾട്ടിമോഡൽ സംയോജിത ഗതാഗത സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ എവിടെയെല്ലാം നടപ്പിൽ വരുത്തിയിട്ടുണ്ട് ; വ്യക്തമാക്കാമോ ?

<u>റാന്നി പേങ്ങാട്ടുകടവ്, പേരൂച്ചാൽ പാലങ്ങളുടെ നിർമ്മാണം</u>

2631. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലെ പേങ്ങാട്ടുകടവ്, പേരൂച്ചാൽ പാലങ്ങളുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം ആരംഭിച്ച വർഷവും കരാർ തുകയും, എത്രയെന്ന് വ്യക്തമാക്കാമോ ; അവസാനം പുതുക്കി നൽകിയ തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം വൈകാനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കാമോ ; തടസ്സങ്ങൾ നീക്കി പണി തുടരാൻ സർക്കാർ തലത്തിൽ എന്തൊക്കെ നീക്കങ്ങളാണ് നടത്തിയിട്ടുള്ളത് ; വിശദമാക്കാമോ ;

(ഡി) ഇരുപാലങ്ങളുടെയും നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ ?

ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്

2632. ശ്രീ.എ.റ്റി.ജോർജ്

,, എം.എ. വാഹീദ്

,, പി.സി വിഷ്ണുനാഥ്

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) അമിനിറ്റീസ് സെൻററുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടങ്ങളിൽ ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഗ്രാമീണ റോഡുവികസന പദ്ധതി

2633. ശ്രീ.കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹായത്താലുള്ള ഗ്രാമീണ റോഡുവികസന പദ്ധതിയിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വിശദീകരിക്കുമോ;

(ബി) ഗ്രാമീണ റോഡുവികസന പദ്ധതി നടപ്പാക്കുന്നതിലെ വീഴ്ച പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ?

ആറന്മുള ആഞ്ഞിലിമൂട്ടിൽകടവ് പാലം നിർമ്മാണം

2634. ശ്രീ.കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള ആഞ്ഞിലിമൂട്ടിൽകടവ് പാലം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 2014 ജൂൺ മാസം ലഭിച്ചെങ്കിലും സാങ്കേതികാനുമതി ലഭിക്കാത്തതിലെ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ ;

(ബി) സാങ്കേതിക അനുമതി ലഭ്യമാക്കി ടെണ്ടർ നടപടി ഉടൻ ആരംഭിച്ച് പണി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

നബാർഡ് സഹായം

2635. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ നബാർഡ് സഹായത്തോടെയുള്ള എത്ര തുകയുടെ പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത പ്രവൃത്തികളിൽ കൊല്ലം ജില്ലയിൽ നിന്നുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ (പ്രവൃത്തിയുടെ പേര്, നിയോജക മണ്ഡലം, അടങ്കൽ തുക എന്നിവ) വെളിപ്പെടുത്തുമോ?

<u>തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ റോഡുകൾ</u>

2636. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഏതെങ്കിലും റോഡുകൾ നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം റോഡുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ ;

<u>ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി</u>

T 2637. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ തിരക്കേറിയ കെ.പി. റോഡിൽ പോലീസ് സ്റ്റേഷൻ ജംഗ്ഷൻ, മുനിസിപ്പൽ ജംഗ്ഷൻ, കെ.എസ്.ആർ.ടി.സി. ജംഗ്ഷൻ എന്നിവിടങ്ങളിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>താനൂരിലെ ദേവധാർ റെയിൽവെ അണ്ടർ പാസ്സേജ് നിർമ്മാണം</u>

T 2638. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂരിലെ ദേവധാർ റെയിൽവെ അണ്ടർ പാസ്സേജിന്റെ നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി ത്വരിതഗതിയിൽ പൂർത്തിയാക്കാത്തതിനാൽ വിദ്യാർത്ഥികൾക്കും തദ്ദേശവാസികൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ടും അപകട സാധ്യതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

<u>മലപ്പുറം ജില്ലയിലെ മംഗലം പഞ്ചായത്തിലെ റോഡ് നിർമ്മാണം</u>

2639. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മംഗലം പഞ്ചായത്തിലെ ടിപ്പുസുൽത്താൻ റോഡിൽ ആശാൻപടി മുതൽ കൂട്ടായി ഐമുഖം വരെയുള്ള ഭാഗം പൊട്ടിപ്പൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാതാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ഭാഗം റബ്ബറൈസ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലെ തീരദേശ പാത

2640. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂരിലൂടെ കടന്നു പോകുന്ന തീരദേശ പാതയുടെ പ്രവൃത്തിക്ക് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ എത്ര കിലോമീറ്റർ ദൂരം ഇപ്പോൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്;

(സി) പറവണ്ണ മുതൽ ചീരാൻ കടപ്പുറം വരെയുള്ള പ്രസ്തുത റോഡിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണ്;

(ഡി) സർവ്വേ നടപടികൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

ചടയമംഗലം മണ്ഡലത്തിലെ പി.ഡബ്ളിയു .ഡി പ്രവൃത്തികളുടെ വിവരങ്ങൾ

2641. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിലെ 2011 മേയ് മുതൽ 2015 മേയ് വരെയുള്ള പി.ഡബ്ളിയു .ഡി പ്രവൃത്തികളുടെ വിവരങ്ങളും ചെലവഴിച്ചിട്ടുള്ള തുകയും ഇപ്പോൾ ഭരണാനുമതി ലഭിച്ചിട്ടുള്ളതും പ്രവർത്തി നടന്നു വരുന്നതുമായവയുടെ വിവരങ്ങളും ഇനം തിരിച്ച് വ്യക്തമാക്കാമോ ?

വാമനപുരം-ചിറ്റാർ റോഡിന്റെ നവീകരണം

2642. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം-ചിറ്റാർ റോഡിന്റെ നവീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇതിനായി നാളിതുവരെ എത്ര തുക ചെലവായി എന്നും വിശദമാക്കുമോ;

(ബി) ധാരാളം രൂപ ചെലവഴിച്ച ഈ റോഡിന്റെ സ്ഥിതി അനുദിനം മോശമായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) വാമനപുരം-ചിറ്റാർ റോഡ് ബി എം ബി സി രീതിയിൽ നവീകരിക്കേണ്ട ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) വാമനപുരം-ചിറ്റാർ റോഡ് ബി എം ബി സി രീതിയിൽ പുനരുദ്ധരിക്കുന്നതിനായി ഏതെങ്കിലും

പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതിന് തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന് ഭരണാനുമതി

2643. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെറുതാഴം- കുറ്റൂർ പെരിങ്ങോം റോഡിന്റെ ചന്തപ്പുര മുതൽ മാതമംഗലം വരെയുള്ള ഭാഗം ബി.എം. ആന്റ് ബി.സി. ആക്കി ഉയർത്തുന്നതിന് വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും ഭരണാനുമതി ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റോഡു നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

പാലക്കാട് ജില്ലയിലെ പി.ഡബ്ല്യു.ഡി റോഡുകളുടെ നവീകരണം

2644. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പി.ഡബ്ല്യു.ഡി റോഡുകളുടെ നവീകരണത്തിനും, അറ്റകുറ്റപ്പണികൾക്കുമായി 1-7-2011 മുതൽ 31-5-2015 വരെ എത്ര തുകയാണ് അനുവദിച്ചത്;

(ബി) ഓരോ റോഡുകളുടെയും നവീകരണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം നൽകാമോ;

(സി) കാലവർഷത്തിന് മുന്നോടിയായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനായി അടിയന്തര ധനസഹായം ലഭ്യമാക്കുമോ ; വിശദാംശം നൽകാമോ ?

വാളയാർ മണ്ണുത്തി ദേശീയപാത വികസനം.

2645. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാർ മണ്ണുത്തി ദേശീയപാത വികസനം നിർമ്മാണപ്രവൃത്തികൾ ഏതുവരെയായെന്നു വിശദമാക്കുമോ; എത്ര ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട്; വടക്കാഞ്ചേരിവരെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ റോഡിൽ ടോൾ പിരിവ് ആരംഭിച്ചിട്ടുണ്ടോ; നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുംമുമ്പേ ടോൾ പിരിക്കുന്നതിനെതിരെ ജനങ്ങൾ പ്രതിഷേധവുമായി രംഗത്തുവന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജനങ്ങളുടെ പരാതി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ടോൾ പിരിവിനുള്ള മാനദണ്ഡങ്ങൾ, കാലാവധി, പിരിവിന്റെ നിരക്ക് എന്നിവ

വ്യക്തമാക്കുമോ;

(ഡി) നിർമ്മാണ പ്രവൃത്തികൾ,റോഡിനിരുവശത്തുമുള്ള ജനങ്ങളുടെ അസൗകര്യങ്ങൾ, മാനദണ്ഡങ്ങളുടെ ലംഘനം എന്നിവ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

## വൈപ്പിൻ പള്ളിപ്പുറം റോഡിലെ കാന നിർമ്മാണം

2646. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ചിട്ടുള്ളതും ഇതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമായ വൈപ്പിൻ പള്ളിപ്പുറം റോഡിലെ കാന നിർമ്മാണം, കൈമൾച്ചിറ റോഡ്, എളങ്കുന്നപ്പുഴ-കിഴക്കെ ആറാട്ടുവഴി-കർത്തേടം റോഡ്, ക്ലുട്ടുങ്ങൽ-അടപ്പ് റോഡ് എന്നീ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ പ്രവൃത്തിയും ഏറ്റെടുത്തിരിക്കുന്ന കരാറുകാർ ആരെല്ലാമാണെന്നും കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട സമയപരിധി എന്നുവരെയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## എടപ്പാളിലെ ഫ്ലൈ ഓവർ നിർമ്മാണം

2647. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഫ്ലൈ ഓവർ നിർമ്മിക്കാൻ എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ടെൻഡർ എന്നാണ് കഴിഞ്ഞിട്ടുള്ളത് ;

(സി) ടെൻഡർ എടുത്ത വ്യക്തിയുടെ പേരും വിലാസവും നൽകാമോ ;

(ഡി) പ്രസ്തുത വ്യക്തിയും സർക്കാരും തമ്മിൽ കരാറിൽ ഒപ്പ് വച്ചിട്ടുണ്ടോ ;

(ഇ) പ്രസ്തുത നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(എഫ്) പ്രസ്തുത പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഓപ്പറേഷൻ അനന്ത

2648. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ അനന്തയിൽ പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ നടപടികൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുപ്രകാരം നീക്കം ചെയ്ത അനധികൃത നിർമ്മിതികൾ, ഫ്ലക്സ് ബോർഡുകൾ, മറ്റു പരസ്യ ബോർഡുകൾ എന്നിവയുടെ വിശദവിവരം നൽകാമോ?

കുന്ദമംഗലം നിയോജക മണ്ഡലത്തിലെ പാലങ്ങൾ

2649. ശ്രീ.പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജക മണ്ഡലവുമായി ബന്ധപ്പെട്ട ഏതെല്ലാം പാലങ്ങൾക്ക് സാധ്യതാപഠനത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട് ; സാധ്യതാപഠനം പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഭരണാനുമതി ലഭിച്ചിട്ടുള്ള പാലങ്ങൾ ഏതെല്ലാമാണ് ;

(സി) പ്രസ്തുത പ്രവൃത്തികൾ നടക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) കുളിമാട് പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ഇ) പ്രസ്തുത പാലത്തിന്റെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

കുന്ദമംഗലം ടൗണിലെ ഗതാഗതക്കുരുക്ക്

2650. ശ്രീ.പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 212-ൽ കുന്ദമംഗലം ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മെഡിക്കൽ കോളേജ് - പെരിങ്ങൊളം - വരിട്ട്യാക്കിൽ റോഡ് വികസിപ്പിച്ച് ബൈപ്പാസാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികൾ

2651. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2015 -16 വർഷക്കാലം പൊതുമരാമത്ത് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

കോട്ടപ്പടി-പൊന്നാനി സ്റ്റേറ്റ് ഹൈവേ

2652. ശ്രീ.പി.ശ്രീരാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടപ്പടി-പൊന്നാനി സ്റ്റേറ്റ് ഹൈവേയുടെ വീതി കൂട്ടി റബറൈസ് ടാറിംഗ് ചെയ്യുന്ന പ്രവൃത്തി കോട്ടപടി മുതൽ മലപ്പുറം ജില്ലയുടെ അതിർത്തിയായ വന്നേരി വരെ നടത്തുകയും തുടർന്ന് മലപ്പുറം ജില്ലയിലെ 11കി.മീ ഭാഗം വീതികൂട്ടാതെയും ഉപരിതലം റബറൈസ് ടാറിംഗ് ചെയ്യാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഭാഗത്തെ പ്രവൃത്തി പൂർത്തിയാക്കാൻ ഫണ്ട് വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## പരിഷ്കരിച്ച പി.ഡബ്ല്യു.ഡി. മാന്വൽ

2653. ശ്രീ.അൻവർ സാദത്ത്

,, ഡൊമിനിക് പ്രസന്റേഷൻ

,, വി.ഡി.സതീശൻ

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിഷ്കരിച്ച പി.ഡബ്ല്യു.ഡി മാന്വലിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് പരിഷ്കരിച്ച മാന്വൽ എത്രത്തോളം സഹായകരമാകുമെന്ന് വിശദമാക്കുമോ ;

(സി) പരിഷ്കരിച്ച മാന്വൽ പ്രാബല്യത്തിൽ വരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## സെൻട്രൽ റോഡ് ഫണ്ട്

2654. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം നബാർഡ് വഴി നിർമ്മാണം നടത്തുന്നതിനായി തിരുവനന്തപുരം ജില്ലയിൽ അനുമതി നൽകിയ റോഡ്, കെട്ടിടം, പാലങ്ങൾ തുടങ്ങിയവയുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) സെൻട്രൽ റോഡ് ഫണ്ടിലേക്ക് ജില്ലയിൽ നിന്ന് റോഡുകൾ പരിഗണിക്കാനുള്ള ഈ വർഷത്തെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(സി) റോഡ് സേഫ്റ്റി അതോരിറ്റിക്ക് എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് ; റോഡ് സേഫ്റ്റി അതോരിറ്റി ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത് ; വ്യക്തമാക്കാമോ ; റോഡപകടങ്ങൾ കുറയ്ക്കാൻ നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ ?

## കരാറുകാരുടെ കുടിശ്ശിക

2655. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഏതു കാലയളവ് മുതലുള്ള കുടിശികയാണ് കരാറുകാർക്ക് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കൊട്ടാരക്കരയിലെ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം നിലച്ചിട്ട് എത്ര നാളായെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് എത്ര തുക കുടിശ്ശിക ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കോട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം അടിയന്തരമായി പുന:രാരംഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഗുരുവായൂർ റെയിൽവേ മേൽപ്പാല നിർമ്മാണം

2656. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് അനുമതി നൽകുമോ;

(ബി) പ്രസ്തുത റെയിൽവേ മേൽപ്പാലത്തിന് സംസ്ഥാന വിഹിതമായി എത്ര ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്;

(സി) ഇതിനായി എത്ര സെൻറ് ഭൂമി ഏറ്റെടുക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കരാറുകാരുടെ കുടിശ്ശിക തുക

2657. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളും പാലങ്ങളും വിഭാഗം കരാറുകാർക്ക് 2015 മെയ് 31 വരെ എത്ര തുക കുടിശ്ശിക നൽകാനുണ്ട് ;

(ബി) കെട്ടിടവിഭാഗം കരാറുകാർക്ക് 2015 മെയ് 31വരെ എത്ര തുക കുടിശ്ശിക നൽകാനുണ്ട് ?

ആലത്തിയൂർ പള്ളിക്കടവ് റോഡ്

2658. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് പഞ്ചായത്തിലെ ആലത്തിയൂർ പള്ളിക്കടവ് റോഡ് റബറൈസ് ചെയ്യുന്നകാര്യം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ നടപടി ഏതുവരെയായി എന്നു വിശദമാക്കാമോ?

വടശ്ശേരിക്കര പാലത്തോട് ചേർന്ന് നടപ്പാലം

2659. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാറക്കുളഞ്ഞി - ചാലക്കയം - ശബരിമല പാതയിൽ വടശ്ശേരിക്കര പാലത്തോട് ചേർന്ന് നടപ്പാലം നിർമ്മിക്കാൻ പദ്ധതിയിട്ടിട്ടുണ്ടോ; ഇതിനായി എത്ര തുകയുടെ ഫണ്ടാണ് അനുവദിച്ചിരുന്നത്;

(ബി) പ്രസ്തുത നടപ്പാലം നിർമ്മാണം വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(സി) നടപ്പാത നിർമ്മാണം സാധ്യമല്ലെങ്കിൽ ശബരിമല പാതയിലെ തിരക്ക് കണക്കിലെടുത്ത് ഇവിടെ വീതികുറഞ്ഞ പാലത്തിന്റെ ഭാഗത്ത് എന്തെങ്കിലും നിർമ്മാണം നടത്താൻ ആലോചനയുണ്ടോ;

(ഡി) നിലവിലുള്ള വീതി കുറഞ്ഞ പാലത്തിന്റെ സ്ഥാനത്ത് വീതികൂടിയ പുതിയ പാലം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>പൊതുമരാമത്ത് വകുപ്പിനുള്ള ബജറ്റ് വിഹിതവും ചെലവും</u>

2660. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 ലെ ബജറ്റിൽ പൊതുമരാമത്ത് വകുപ്പിൽ റോഡുകളും പാലങ്ങളും വിഭാഗത്തിനായി എത്ര തുക വകയിരുത്തുകയുണ്ടായി ;

(ബി) പ്രസ്തുത ബജറ്റിൽ കെട്ടിടങ്ങൾ വിഭാഗത്തിനായി എത്ര തുക വകയിരുത്തുകയുണ്ടായി ;

(സി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 2014-2015 സാമ്പത്തിക വർഷം എത്ര തുക ചെലവഴിക്കുകയുണ്ടായി ;

(ഡി) കെട്ടിടങ്ങൾ വിഭാഗത്തിൽ 2014-2015 സാമ്പത്തിക വർഷം എത്ര തുക ചെലവഴിക്കുകയുണ്ടായി?

<u>കൊട്ടുവള്ളിയിൽ റസ്റ്റ് ഹൗസ്</u>

2661. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റിയായി ഉയർത്തിയ കൊട്ടുവള്ളിയിൽ പി. ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>എൻ.എച്ച്-**66** നാലുവരിപാത</u>

2662. ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്-66 നാലുവരി പാതയാക്കുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) ഇതിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ പുരോഗതി കണ്ണൂർ, കാസർഗോഡ് ജില്ലയിൽ എത്രത്തോളമായിട്ടുണ്ടെന്ന് വിശദമാക്കാമോ ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
null

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.